# പന്ത്രണ്ടാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 1

22-06-2009 -ൽ മറുപടിയ്ക്ക്

### മാവേലി സ്റ്റോറുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.ചന്ദ്രൻ<br>ശ്രീമതി. കെ.എസ്.സലീഖ<br>ശ്രീമതി. കെ.കെ.ശൈലജ ടീച്ചർ<br>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്<br>ശ്രീ. കെ.കെ.ജയചന്ദ്രൻ | ശ്രീ. സി.ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും<br>മൃഗസംരക്ഷണവും വകുപ്പുമന്ത്രി) |
| (എ) മാവേലി സ്റ്റോറുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) ഗുണനിലവാരം ഉറപ്പാക്കി മാത്രം സാധനങ്ങൾ വിൽപ്പന നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതിനായി പരിശോധന വിഭാഗങ്ങളുടെയും വിജിലൻസ് സ്ക്വാഡുകളുടെയും പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുണ്ട് വാങ്ങിയ സാധനങ്ങളുടെ ഗുണനിലവാരം തൃപ്തികരമല്ലെങ്കിൽ തിരിച്ചെടുക്കുവാനും അല്ലെങ്കിൽ അതിന്റെ വിലയോ പകരം സാധനമോ തിരികെ ഉപഭോക്താവിന് നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി. സാധാരണക്കാർക്ക് താങ്ങാവുന്നതരത്തിൽ അവശ്യസാധനങ്ങളും മറ്റ് നിത്യോപയോഗ സാധനങ്ങളും മിതമായ വിലയ്ക്ക് വിതരണം ചെയ്യാൻ വില നിർണ്ണയം ശാസ്ത്രീയമായി പരിഷ്കരിച്ചു. 40% വരെ വിലക്കുറവിൽ അവശ്യസാധനങ്ങളുടെ MRP യെക്കാൾ കുറഞ്ഞ നിരക്കിൽ മറ്റ് നിത്യോപയോഗ സാധനങ്ങളും വിതരണം ചെയ്യുന്നു. ഉപഭോക്താക്കളോട് സഹൃദമായി പെരുമാറാനും വിൽപ്പനയുടെ കണക്കുകൾ തുടങ്ങിയവ മനസ്സിലാക്കി |

കൊടുക്കുവാനും ആവശ്യമായ പരിശീലനം ഉദ്യോഗസ്ഥർക്ക് നൽകുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉപഭോക്താക്കൾക്ക് എത്തിച്ചേരാൻ സൗകര്യമായ സ്ഥലത്ത് വിൽപ്പനശാലകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. കൂടുതൽ ഉപഭോക്താക്കൾക്ക് സൗകര്യപ്പെടുന്ന രീതിയിൽ 4 ലക്ഷം രൂപയിൽ കൂടുതൽ വിൽപ്പനയുള്ള മാവേലി സ്റ്റോറുകളെ സൂപ്പർ മാർക്കറ്റുകളാക്കി ഉയർത്താൻ ആവശ്യമായ നടപടികൾ സ്വീകരിച്ചു. സൂപ്പർ മാർക്കറ്റുകൾ, പീപ്പിൾ ബസാറുകൾ തുടങ്ങിയ വിൽപ്പന ശാലകളിൽ ആധുനിക സൗകര്യങ്ങളായ ട്രോളി, റാക്കുകൾ എന്നിവ ഏർപ്പെടുത്തി. തിരഞ്ഞെടുക്കപ്പെട്ട സൂപ്പർ മാർക്കറ്റുകൾ, പീപ്പിൾസ് ബസാറുകൾ ഞായറാഴ്ചയും പ്രവർത്തിക്കുന്നുണ്ട്. എല്ലാ വിൽപ്പനശാലകൾക്കും പുതിയ ബോർഡുകൾ സ്ഥാപിച്ച് ആകർഷകമാക്കാനുള്ള നടപടി എടുത്തിട്ടുണ്ട്. സൂപ്പർ മാർക്കറ്റുകളിലും, പീപ്പിൾസ് ബസാറുകളിലും ഉപഭോക്താക്കൾക്ക് വാങ്ങിയ സാധനങ്ങളുടെ തൂക്കം പരിശോധിക്കുവാനുള്ള സൗകര്യം ഏർപ്പെടുത്തി. കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 59 മാവേലി സ്റ്റോറുകളും 37 സൂപ്പർ മാർക്കറ്റ് / പീപ്പിൾസ് ബസാറുകളും 43 മെഡിക്കൽ സ്റ്റോറുകളും 02 സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളും ആരംഭിച്ചിട്ടുണ്ട്. ഓരോ ഡിപ്പോയ്ക്കും പ്രത്യേക ധനകാര്യ മാനേജ്മെന്റ് തയ്യാറാക്കൽ, കൃത്യമായ ധനവിനിമയം എന്നിവകൊണ്ട് അഴിമതി രഹിതമായ ഒരു പ്രവർത്തനാന്തരീക്ഷം

ഉറപ്പിക്കാൻ സാധിച്ചു. കോർപ്പറേഷൻ ആവിഷ്കരിച്ച പുതിയ ഇൻവെന്ററി നയം, കഴിഞ്ഞ 3 മാസത്തെ ശരാശരി വില്പന, ആവശ്യകത, ഉപഭോഗം എന്നിവയ്ക്ക് അനുസൃതമായി സ്റ്റോക്ക് ഉറപ്പ് വരുത്തുന്നു. പർച്ചേസിന്റെ കാര്യക്ഷമതയ്ക്കുവേണ്ടി ഇ-ടെൻഡർ, ഇ-പെയ്മെന്റ് ട്രാൻസ്പോർട്ടേഷൻ മോഡൽ കണക്കാക്കി കുറഞ്ഞ വില നിശ്ചയിക്കൽ തുടങ്ങിയ സംവിധാനങ്ങൾ തുടർന്നു വരുന്നു. അതോടൊപ്പം 50 മാവേലി സ്റ്റോറുകളും 250 സൂപ്പർ മാർക്കറ്റുകളും, 25 മാവേലി മെഡിക്കൽ സ്റ്റോറുകളും ഇക്കൊല്ലം തുടങ്ങുന്നതാണ്.

(ബി) ഈ വർഷം എത്ര മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളാക്കാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കുമോ;

(ബി) 250 മാവേലി സ്റ്റോറുകളാണ് സൂപ്പർ മാർക്കറ്റുകളാക്കി ഉയർത്താൻ തീരുമാനിച്ചിട്ടുള്ളത്.

(സി) സംസ്ഥാനത്തിനു പുറത്തും വിദേശത്തും സപ്ലൈക്കോ മാവേലി സ്റ്റോറുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ഉണ്ട്. മുംബൈ കേരളാ ഹൗസിൽ സപ്ലൈക്കോ വിൽപ്പനശാല തുടങ്ങുന്നതിനും ഗൾഫ് നാടുകളിൽ സപ്ലൈക്കോ ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുന്നതിനുമുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി മദ്ധ്യകിഴക്കൻ മേഖലാ രാജ്യങ്ങൾ സന്ദർശിക്കുന്നതിനും വിപണന സാദ്ധ്യത പഠിച്ച് പദ്ധതിക്ക് അന്തിമ രൂപം നൽകുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.

| | |
|---|---|
| (ഡി) സപ്ലൈകോയ്ക്ക് കേന്ദ്ര സർക്കാർ സഹായം നൽകുന്നുണ്ടോ; വ്യക്തമാക്കുമോ; | ഇല്ല. |
| (ഇ) മാവേലി സ്റ്റോറുകൾ വഴി നൽകുന്ന സാധനങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്താൻ നിലവിലുള്ള സംവിധാനം എന്താണെന്നു വ്യക്തമാക്കുമോ? | (ഇ) മാവേലി സ്റ്റോറുകൾ ഉൾപ്പെടെ സപ്ലൈക്കോ വിൽപ്പനശാലകളിലൂടെ വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ ശക്തമായ സംവിധാനം നിലവിലുണ്ട്. എല്ലാ ജില്ലകളിലുമുള്ള ക്വാളിറ്റി അഷ്വറൻസ് മാനേജർ ഗുണനിലവാരം പരിശോധിക്കുകയും അതിനുശേഷം ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി വിതരണയോഗ്യമെന്ന് ഉറപ്പാക്കുകയും ചെയ്യുന്ന സാധനങ്ങളാണ് വില്പന നടത്തുന്നത്. ഇതിനു പുറമേ ഗുണനിലവാരം ഉറപ്പാക്കാൻ ആവശ്യമായ സംവിധാനവും, വിജിലൻസ് സ്ക്വാഡും ഏർപ്പെടുത്തിയിട്ടുണ്ട്. ഈ പരിശോധനാ വിഭാഗങ്ങൾ യഥാസമയം പരിശോധനയും മിന്നൽ പരിശോധനയും നടത്തുന്നുണ്ട്. വിപണനം ചെയ്യുന്ന എല്ലാ സാധനങ്ങളുടെയും ഗുണനിലവാര വിവരങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഗുണനിലവാരം സാക്ഷ്യപ്പെടുത്തിയ ആഹാര സാധനങ്ങൾ മാത്രം വിപണനം ചെയ്യുന്നുള്ളു. വ്യാപാരവും വിൽപ്പനശാലയും വെടിപ്പായും ശുചിത്വത്തോടേയും ആയിരിക്കണമെന്നത് സംബന്ധിച്ച വിശദമായ നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ വിൽപ്പനശാലകളിലും പരാതി പുസ്തകം സൂക്ഷിച്ചിട്ടുണ്ട്. കൂടാതെ ഹെഡ് ഓഫീസ് തലത്തിൽ ഒരു പരാതി സെൽ പ്രവർത്തിക്കു |

ന്നുമുണ്ട്. ഫോൺ മുഖേനയോ, ഇന്റർനെറ്റ്, തപാൽവഴിയോ ഈ സെല്ലിലേയ്ക്ക് പരാതി അയയ്ക്കാൻ കഴിയുന്നതാണ്. ഇതിനു പുറമേ ഒരു ക്വാളിറ്റി അപ്പെക്സ് കമ്മിറ്റിയും, ക്വാളിറ്റി സ്പെസിഫിക്കേഷൻ റിവ്യൂ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ഗുണനിലവാരം സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ മറ്റ് വൻകിട സ്വകാര്യ ചില്ലറ വിൽപ്പന ശൃംഖലകളിലുള്ളതിനെ അപേക്ഷിച്ച് ഇപ്പോൾ വളരെ കുറവാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.2 | 22.06.2009-ൽ മറുപടിയ്ക്ക്

## ഹൈടെക് ഫാം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ.ശശീന്ദ്രൻ : എം.എൽ.എ | ശ്രീ.സി.ദിവാകരൻ (ബഹു.ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) കൃത്രിമ ഹൃദയവാൽവ്വ് പദ്ധതിക്കായി കുളത്തൂപ്പുഴയിൽ ഹൈടെക് ഫാം ആരംഭിക്കാനുള്ള നടപടികൾ എതുവരെയായി എന്നു വ്യക്തമാക്കുമോ; | (എ) കൃത്രിമ ഹൃദയ വാൽവ്വ് നിർമ്മാണത്തിനുവേണ്ടിയുള്ള ഹൈടെക് ഫാമിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |
| (ബി) ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ടിന്റെയും കേരളാ ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡിന്റെയും സംയുക്ത സംരംഭമായ പദ്ധതിയ്ക്ക് എത്ര കോടി രൂപ ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്; | (ബി) 73.98 ലക്ഷം രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) ഈ സംരംഭം എന്ന് തുടങ്ങാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (സി) പ്രസ്തുത പദ്ധതി പ്രകാരമുള്ള ആദ്യ ടിഷ്യൂ കളക്ഷൻ ഈ ജൂൺ-ജൂലൈ മാസ ത്തോടെ ആരംഭിക്കും. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 3 — 22/06/2009 - ൽ മറുപടിയ്ക്ക്

## ഭവന വായ്പ എഴുതിത്തള്ളൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ടി.പി.കുഞ്ഞുണ്ണി<br>ശ്രീമതി. ജെ. അരുന്ധതി<br>ശ്രീ.എ.സി. മൊയ്തീൻ<br>ശ്രീ.ബി.രാഘവൻ<br>ശ്രീ. സി.കെ സദാശിവൻ | ശ്രീ.ബിനോയ് വിശ്വം<br>(വനവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |

(എ) നിർദ്ധനരുടെ ഭവന വായ്പ കുടിശ്ശിക എഴുതിത്തള്ളുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; ഏതെല്ലാം പദ്ധതികൾ പ്രകാരം എടുത്തിട്ടുള്ള ഭവന വായ്പകളാണ് എഴുതിത്തള്ളുന്നത് എന്ന് വ്യക്തമാക്കുമോ;

(എ) 20.05.2009 ലെ സർക്കാർ ഉത്തരവ് (എം.എസ്)നം.21/2009/ഭവനം പ്രകാരം ദുർബല വിഭാഗക്കാർക്കു വേണ്ടി 1977 മുതൽ 1997 വരെ ഭവന നിർമ്മാണ ബോർഡ് വഴി നടപ്പാക്കിയ 12 പദ്ധതികളും ജില്ലാ കളക്ടർമാർ മുഖേന നടപ്പാക്കിയ 3 പദ്ധതികളും ഉൾപ്പെടെ ആകെ 15 പദ്ധതികൾ പ്രകാരം ഗുണഭോക്താക്കൾ അടയ്ക്കേണ്ടുന്ന മൊത്തം കുടിശ്ശിക തുകയും എഴുതിത്തള്ളി പ്രമാണങ്ങൾ തിരികെ നല്കാൻ ഉത്തരവായിട്ടുണ്ട്. കൂടാതെ വികസന അതോറിറ്റികൾ 1996 ന് മുമ്പ് ദുർബ്ബല വരുമാന വിഭാഗക്കാർക്ക് വേണ്ടി നല്കിയ ഭവന വായ്പാ കുടിശ്ശികകളും എഴുതിത്തള്ളുന്നതിനുള്ള നിർദ്ദേശം തദ്ദേശ സ്വയം ഭരണ വകുപ്പിന് നല്കിയിട്ടുണ്ട്. ഭവന വായ്പ എഴുതിത്തള്ളിയ പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ബി) പദ്ധതിയുടെ പ്രയോജനം എത്ര പേർക്ക് ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ പദ്ധതിയുടെ പ്രയോജനം ഉദ്ദേശം 41,500 ഗുണഭോക്താക്കൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു.

(സി) മുതൽ, പലിശ ഇനങ്ങളിൽ എത്ര രൂപയാണ് എഴുതിത്തള്ളുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) മുതൽ, പലിശ ഇനങ്ങളിൽ മൊത്തം 183 കോടി രൂപയുടെ ബാദ്ധ്യതയാണ് എഴുതിത്തള്ളുന്നത്.

ഡി) വായ്പ എഴുതിത്തള്ളുന്നവരുടെ പ്രമാണങ്ങൾ വൈകാതെ തിരികെ നല്കുന്നതിന് നിർദ്ദേശം നല്കുമോ?

(ഡി) നിർദ്ദേശം നല്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം

**ഭവന വായ്പ എഴുതിത്തള്ളിയ പദ്ധതികളുടെ പട്ടിക**

a. EWS Urban

b. കുടികിടപ്പുകാർക്കുള്ള ഭവന പദ്ധതി

c. ഹഡ്കോ 80 പദ്ധതി

d. സന്നദ്ധ സംഘടന സഹായത്തോടെ നടപ്പിലാക്കിയ പദ്ധതി (SASH)

e. 1984 ലെ പ്രളയ ദുരിതാശ്വാസ പദ്ധതി

f. പുനരധിവാസ ഭവനനിർമ്മാണ പദ്ധതി 3 ഉം 4ഉം ഘട്ടങ്ങൾ

g. രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി (1992-1995)

h. കൈരളി ഭവനനിർമ്മാണ പദ്ധതി

i. GIC ഭവനപദ്ധതി

j. ബീഡി തൊഴിലാളികൾക്കുള്ള ഭവന പദ്ധതി (1990)

k. കൈത്തറി നെയ്ത്തു തൊഴിലാളികൾക്കുള്ള പദ്ധതി (1991)

l. കേരള ചെത്തുതൊഴിലാളി ക്ഷേമ ഭവന പദ്ധതി (1979-80)

m. രാജീവ് ദശലക്ഷ ഹൗസിംഗ് കോംപ്ലക്സ് പാർപ്പിട പദ്ധതി (1991-92)

n. അറ്റകുറ്റപ്പണികൾ തീർത്ത് വീട് വാസ യോഗ്യമാക്കുന്ന പദ്ധതി (1987-1996)

o. കളക്ടർമാർ മുഖേന നടപ്പിലാക്കിയ പ്രളയ ദുരിതാശ്വാസ പദ്ധതി

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 4** **22 - 06 - 2009 ൽ മറുപടിക്ക്**

**പ്രവാസിക്ഷേമം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. കുഞ്ഞിരാമൻ :<br>ശ്രീ.കെ.വി. അബ്ദുൾ ഖാദർ:<br>ശ്രീ. മഞ്ഞളാംകുഴി അലി :<br>ശ്രീ. കെ. ടി. ജലീൽ :<br>ശ്രീ. രാജു എബ്രഹാം : | **ശ്രീ.വി.എസ്.** അച്യുതാനന്ദൻ<br>**(മുഖ്യമന്ത്രി)** |
| (എ) പ്രവാസികളുടെ ക്ഷേമത്തിനായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | (എ) **പ്രവാസികാര്യ വകുപ്പ്** തിരികെയെത്തിയ പ്രവാസികളുടെ സഹായത്തിനായി 'സാന്ത്വന' എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൻ കീഴിൽ *താഴ്ന്ന വരുമാനക്കാരായ തിരികെവന്ന* പ്രവാസി മലയാളികൾക്ക് ഒറ്റ **തവണയായി ധനസഹായം** നൽകി വരുന്നുണ്ട്. ***നിർധനരായ പ്രവാസി കേരളീയരുടെ*** മൃതദേഹം നാട്ടിലെത്തിക്കുന്നതിനും *അപകടങ്ങളിൽ പരുക്കേറ്റ് ഗുരുതരാവസ്ഥയിൽ കഴിയുന്ന* ***പ്രവാസി കേരളീയരെ*** തിരികെകൊണ്ടുവരുന്നതിനും സഹായം നൽകുന്നതിനായി 'എമർജൻസി റിപാട്രിയേഷൻ *ഫണ്ട്' രൂപീകരിച്ച് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.* കൂടാതെ വിദേശത്ത് മരണമടയുന്ന മലയാളികളുടെ മൃതദേഹം നാട്ടിൽ എത്തിക്കുന്ന ചെലവ് നിബന്ധനകൾക്ക് വിധേയമായി വഹിക്കാൻ 'കാരുണ്യം' എന്ന പേരിൽ **ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. വിദേശത്ത്** *തൊഴിൽ തേടിപ്പോകുന്ന ഉദ്യോഗാർത്ഥികൾക്കായി പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ എന്ന പരിശീലന പരിപാടിയും നടപ്പിലാക്കി വരുന്നു. പ്രവാസികൾക്ക്* ***തിരിച്ചറിയൽ കാർഡ് പദ്ധതി*** *ആവിഷ്കരിച്ച്* ***നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ പ്രവാസികൾക്ക് ഒരു ക്ഷേമനിധി രൂപീകരിച്ചിട്ടുണ്ട്.*** |

| | |
|---|---|
| | വിദേശത്ത് വച്ച് ജയിലിലാവുകയോ കാണാതാവുകയോ കഷ്ടപ്പെടുകയോ ചെയ്യുന്ന പ്രവാസിമലയാളികളെ തിരികെനാട്ടിലെത്തിക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട നയതന്ത്രകാര്യാലയങ്ങളുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നുണ്ട്. പ്രവാസിമലയാളികളുടെ നാട്ടിലുള്ള കുടുംബാംഗങ്ങൾക്കും അവരുടെ സ്വത്തിനും സംരക്ഷണം നൽകുന്നതിനാവശ്യമായ നടപടികൾ അതാത് ജില്ലാ കളക്ടർ/പോലീസ് സൂപ്രണ്ട് മുഖേന സ്വീകരിച്ചു വരുന്നു. |
| (ബി) പ്രവാസി കേരളീയരുടെ ക്ഷേമനിധി നിയമം നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (ബി) പ്രവാസി കേരളീയരുടെ ക്ഷേമനിധിയ്ക്ക് ഇതിനകം തന്നെ രൂപം നൽകുകയും കൂടാതെ പ്രസ്തുത നിധിയെ സംബന്ധിക്കുന്ന പദ്ധതിയും ചട്ടങ്ങളും ഇതിനകം പുറപ്പെടുവിച്ച് കഴിഞ്ഞിട്ടുണ്ട്. ക്ഷേമനിധിയുടെ ഓഫീസ് സ്ഥാപിച്ച് സ്പെഷ്യൽ ഓഫീസറേയും നിയമിച്ചിട്ടുണ്ട്. |
| (സി) ക്ഷേമനിധിയിൽ ഇപ്പോൾ എത്ര അംഗങ്ങളുണ്ട്; ക്ഷേമനിധിയിൽ എത്ര കോടി രൂപ നിക്ഷേപമുണ്ട് ; | (സി) ക്ഷേമനിധിയിൽ 17.06.2009 വരെ 2150 പേർ അംഗങ്ങളായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. സർക്കാർ കോർപ്പസ് ഫണ്ടായി നൽകിയ മൂന്ന് കോടി രൂപയാണ് നിക്ഷേപമായിട്ടുള്ളത്. കൂടാതെ 2150 അംഗങ്ങളുടെ രജിസ്ട്രേഷൻ ഫീസായി 4,30,000 രൂപയും സേവിങ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപമായിട്ടുണ്ട് . |
| (ഡി) ക്ഷേമനിധിയിൽനിന്നും ഇതിനകം എത്ര പേർക്ക് ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്; ക്ഷേമനിധിയിൽനിന്നും കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്നതിനോ നിലവിലുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനോ ഉദ്ദേശിക്കുന്നുണ്ടോ ; | (ഡി) ക്ഷേമനിധിയിൽ അംഗത്വ രജിസ്ട്രേഷൻ ആരംഭിച്ചിട്ടേയുള്ളൂ. ആനുകൂല്യത്തിന് അർഹനാവാനുള്ള കാലയളവും കൂടാതെ ആവശ്യമായ സ്റ്റാഫും, ആവശ്യമെങ്കിൽ ജില്ലാതല ഓഫീസുകളും നിലവിൽ വന്നതിനു ശേഷം മാത്രമേ ആനുകൂല്യ വിതരണത്തിനുള്ള നടപടികൾ സ്വീകരിക്കാനാവൂ. കൂടാതെ വരും കാലങ്ങളിൽ ഇതിന്റെ നടത്തിപ്പ് അവലോകനം ചെയ്ത് ആവശ്യമെങ്കിൽ കൂടുതൽ |

ആനുകൂല്യങ്ങൾ നൽകുന്നതിനും നിലവിലുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ യഥാകാലം സ്വീകരിക്കുന്നതാണ്.

(ഇ) അർഹരായ എല്ലാ പ്രവാസികളേയും അംഗമായി ചേർക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

(ഇ) അർഹരായ എല്ലാ പ്രവാസികൾക്കും അംഗമായി ചേരാവുന്നതാണ്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 5

22.06.2009-ൽ മറുപടിക്ക്.

## പ്രത്യേക സാമ്പത്തിക മേഖലകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജാജി മാത്യു തോമസ് :<br>ശ്രീ. എൻ. അനിരുദ്ധൻ :<br>ശ്രീ. വി.എസ്. സുനിൽ കുമാർ :<br>ശ്രീ. ബാബു പോൾ :<br>ശ്രീ. പി. തിലോത്തമൻ : | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) കേന്ദ്ര സർക്കാരിന്റെ ബോർഡ് ഓഫ് അപ്രൂവൽസ്, സംസ്ഥാനത്ത് പ്രത്യേക സാമ്പത്തിക മേഖലകൾ (സെസ്സ്) ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ എത്രയെണ്ണം ; എവിടെയെല്ലാം ;<br><br>(ബി) ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് അനുമതി നൽകിയിട്ടുള്ളത് ; | (എ)-യും (ബി)-യും.<br><br>അനുമതി നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) ഇവയ്ക്കായി സംസ്ഥാന ഗവൺമെന്റ് എന്തെങ്കിലും സൗകര്യങ്ങൾ ഏർപ്പെടുത്തി--ക്കൊടുക്കേണ്ടതുണ്ടോ ; വിശദമാക്കുമോ ? | (സി) നിലവിലുള്ള നയങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നതിന് ഉപരിയായി എന്തെങ്കിലും സൗകര്യം ആവശ്യപ്പെടുന്ന പക്ഷം ആയത് പരിശോധിച്ച് യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

ഫോറം നമ്പർ - 1

| | | |
|---|---|---|
| 1 | Cochin Port Trust | Vallarpadam |
| 2 | Cochin Port Trust | Puthuvypeen |
| 3 | M/s. Infopark, Kochi | Kusumagiri, Village Kakkanad, Ernakulam District (Kerala) |
| 4 | M/s. Electronics Technology Park | Trivandrum, Kerala |
| 5 | Kerala Industrial Infrastructure Dev. Corpn. (KINFRA) | Kizhakuttom, Trivandrum (Kerala) |
| 6 | Kerala Industrial Infrastructure Dev. Corpn. (KINFRA) | Kakkancherry near Calicut, Kerala |
| 7 | Technology Parks – Kerala | Adjacent to Technopark Campus, TVPM |
| 8 | Kerala Industrial Infrastructure Dev. Corpn. (KINFRA) | Cochin, Kerala |
| 9 | Unitech Real Estate Project Ltd. | Village Kunnathunadu, Taluk Morkala Desam, Ernakulam, Kerala |
| 10 | Parsvnath Developers Limited, | Nedumbassery and Chengamanadu Villages of Aluva Taluk in Ernakulam District, Kerala. |
| 11 | TCG Urban Infrastructure Holdings Limited | Cochin, Kerala |
| 12 | Smart City (Kochi) Infrastructure Private Limited | Kusumagiri, Kakkanad, Ernakulam District, Kerala |
| 13 | Kerala State Information Technology Infrastructure Limited | Village Pallipuram, Taluk Cherthalai, District Alappuzha, Kerala |
| 14 | Kerala State Information Technology Infrastructure Limited | Block 19, Village Purakkad, Taluk Ambalapuzha, District Alappuzha, Kerala |
| 15 | Kerala State Information Technology Infrastructure Ltd. | Eramam Village, Thaliparambu Taluk, Kannur District, Kerala |
| 16 | Kerala State Information Technology Infrastructure Ltd. | Cheemeni Village, Hosdurg Taluk, Kasaragod District, Kerala |
| 17 | Electronics Technology Parks- Kerala (Techopark) | Pallippuram Village, Trivandrum District, Kerala |
| 18 | Hindustan Newsprint Ltd. | Newsprint Nagar, Kottayam |
| 19 | Electronics Technology Parks – Kerala (Technopark) | Trivandrum, Kerala |
| 20 | Kerala State IT/ITES Infrastrucure Company Limited | Kollam District, Kerala |
| 21 | Carborundum Universal Limited | Electro Mineral Division, Kalamassery Development Plot, Ernakulam District, Kerala |
| 22 | M. M. Tech Towers | Chengamanadu Village, Alwaye, Kerala |
| 23 | Emmar MGF Land Ltd | Chengamanadu Village Alwaye Ernakulam |
| 24 | Sutherland Global Services Pvt. Ltd | Kalamassery, Kochi |

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 6 22.06.2009 -ൽ മറുപടിയ്ക്ക്

## കാവുകൾ സംരക്ഷിക്കൽ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ.<br>പ്രൊഫ. എൻ. ജയരാജ് | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) പരിസ്ഥിതി സംതുലിതാവസ്ഥ നിലനിർത്തുന്ന സംസ്ഥാനത്തെ കാവുകൾ സംരക്ഷിക്കാൻ എന്തെങ്കിലും പ്രത്യേക പദ്ധതികൾ പരിഗണനയിലുണ്ടോ എന്ന് അറിയിക്കുമോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | (ബി) കാവുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി സാങ്കേതിക-സാമ്പത്തിക സഹായം ലഭ്യമാക്കുന്ന ഒരു പദ്ധതി സംസ്ഥാന വനം വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി 40 ലക്ഷം രൂപ കേന്ദ്ര സഹായം ലഭിക്കുമെന്നു പ്രതീക്ഷിക്കുന്നു. കൂടുതൽ വിസ്തൃതിയുള്ളതും ജൈവ വൈവിദ്ധ്യ പ്രാധാന്യമുള്ളതുമായ തെരഞ്ഞെടുക്കപ്പെട്ട കാവുകൾക്ക് സാങ്കേതിക-സാമ്പത്തിക സഹായം നൽകാനാണ് ഉദ്ദേശിക്കുന്നത്. കാവുകളുടെ സംരക്ഷണത്തിനുവേണ്ട ഒരു സൂക്ഷ്മാസൂത്രണ രേഖ തയ്യാറാക്കാൻവേണ്ട സാങ്കേതിക നിർദ്ദേശങ്ങൾ വനം വകുപ്പ് ഉദ്യോഗസ്ഥർ നൽകും. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന സൂക്ഷ്മാസൂത്രണ രേഖ ഒരു വിദഗ്ദ്ധ സമിതി പരിശോധിച്ച് ശുപാർശയടക്കം സർക്കാരിന് സമർപ്പിക്കും. സർക്കാരിന്റെ അംഗീകാരം ലഭിക്കുന്ന കാവുകൾക്ക് ധനസഹായം നൽകുന്നതാണ്. ധനസഹായം സ്വീകരിക്കുന്ന കാവുകളുടെ ഉടമസ്ഥാവകാശത്തിന്മേൽ സർക്കാർ യാതൊരുവിധ നിയന്ത്രണവും ഏർപ്പെടുത്തുന്നതല്ല. |

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 7 — 22-06-2009-ൽ മറുപടിയ്ക്ക്

## സിവിൽ സർവ്വീസിലെ അഴിമതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സാജുപോൾ<br>ശ്രീ.അൽഫോൺസ് കണ്ണന്താനം<br>ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ.കെ.സി.രാജഗോപാലൻ<br>ശ്രീ.വി.ശശികുമാർ | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>മുഖ്യമന്ത്രി |
| എ) സിവിൽ സർവ്വീസ് അഴിമതി വിമുക്തവും കാര്യക്ഷമവുമാക്കു-ന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | എ) സംസ്ഥാന സിവിൽ സർവ്വീസിലെ അഴിമതിയും കൈക്കൂലിയും തടയുന്നതിന്റെ ഭാഗമായി സംസ്ഥാന വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബ്യൂറോയിൽ കെട്ടിക്കിടക്കുന്ന പഴക്കം ചെന്ന വിജിലൻസ് കേസുകളുടേയും വിജിലൻസ് അന്വേഷണങ്ങളുടേയും നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാനും സംസ്ഥാന വ്യാപകമായി നടത്തുന്ന മിന്നൽ പരിശോധനകൾ കൂടുതൽ വകുപ്പുകളിലേക്ക് വ്യാപിപ്പിച്ച് തുടർന്നു നടത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

താരതമ്യേന അഴിമതി കൂടുതൽ ഉള്ള വകുപ്പുകളിൽ വകുപ്പുതല വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തി പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അഴിമതിക്കാരായ ഉദ്യോഗസ്ഥരുടെ വിവരം ശേഖരിച്ച് പ്രസ്തുത ഉദ്യോഗസ്ഥരെ വിജിലൻസ് ആൻറ് ആൻറികറപ്ഷൻ ബ്യൂറോ നിരന്തരം നിരീക്ഷിച്ചുവരുന്നുണ്ട്. കാര്യക്ഷമമായ സിവിൽ സർവ്വീസ് കെട്ടിപ്പടുക്കുന്നതിന് വിവിധ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. പൗരാവകാശ പത്രിക, വിവരങ്ങൾ അറിയുവാനുള്ള അവകാശം, പരാതിപരിഹാര സംവിധാനം, അന്വേഷണകൗണ്ടർ, അധികാരവികേന്ദ്രീകരണം, ഹാജർനില നിരീക്ഷിക്കൽ തുടങ്ങിയവ ഇതിൽ ഉൾപ്പെടും.

| | |
|---|---|
| ബി) ഭരണ പരിഷ്ക്കാര മോണിറ്ററിംഗ് കമ്മീഷൻ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | ബി) പരിഗണനയിലുണ്ട്. |

സി) സെക്രട്ടേറിയറ്റിലും മറ്റു പ്രധാന ഓഫീസുകളിലും പഞ്ചിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

സി) ഉണ്ട്. പഞ്ചിംഗ് സിസ്റ്റം സെക്രട്ടേറിയറ്റിൽ നടപ്പിലാക്കുന്നതിന് നടപടിസ്വീകരിക്കുന്നതാണെന്ന് തീരുമാനിച്ചിട്ടുണ്ട്.

ഡി) സെക്രട്ടേറിയറ്റിൽ ജീവനക്കാർ വൈകിയെത്തുന്നതും നേരത്തെ ആഫീസ് വിടുന്നതും തടയുന്നതിനായി ആവിഷ്ക്കരിച്ച സംവിധാനം വിശദമാക്കുമോ; ഈ സംവിധാനം ഫലപ്രദമാണോ എന്ന് വ്യക്തമാക്കുമോ?

ഡി) സെക്രട്ടേറിയറ്റിൽ ജീവനക്കാർ വൈകിഎത്തുന്നതും നേരത്തെ ഓഫീസ് വിടുന്നതും തടയുന്നതിനായി കാലാകാലങ്ങളിൽ സർക്കുലർ നിർദ്ദേശം നൽകിവരുന്നുണ്ട്. ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പിൽ നിന്നും ഇക്കാര്യത്തിൽ 01-06-2009-ൽ 6434/എ.ആർ.13(2)/2009/ഉഭപവ എന്ന നമ്പറിൽ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ അനുശാസിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സംവിധാനം ഫലപ്രദമാണെന്നു കരുതുന്നു.

[signature]

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 8

22/06/2009 - ൽ മറുപടിക്ക്

## ന്യായ വില ഹോട്ടലുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :<br>ശ്രീ. എ.എം. ആരിഫ് :<br>ശ്രീ. ജോർജ്ജ് എം. തോമസ് .<br>ശ്രീ. എം.എം. മോനായി :<br>ശ്രീ. പി.ടി. എ. റഹീം : | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും, സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി) |
| എ) ഹോട്ടലുകളിൽ ആഹാര സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | (എ) ഹോട്ടലുകളിൽ ആഹാര സാധനങ്ങളുടെ വില നിരക്കിൽ മാറ്റം ഉണ്ടായിട്ടുണ്ട്. ഈ സാഹചര്യങ്ങളിൽ ജില്ലാ കളക്ടർമാർ ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ പ്രതിനിധികളുമായി ചർച്ചകൾ നടത്തി സമവായത്തിലൂടെ വില നിലവാരം നിയന്ത്രിച്ചുവരുന്നുണ്ട്. കൂടാതെ സിവിൽ സപ്ളൈസ് ഉദ്യോഗസ്ഥർ ഹോട്ടലുകളിൽ നിരന്തര പരിശോധനകൾ നടത്തി വില നിലവാരം പ്രദർശിപ്പിച്ചിട്ടുണ്ടെന്നും പ്രദർശിപ്പിച്ച വിലയ്ക്ക് തന്നെയാണ് വിതരണം നടത്തുന്നതെന്നും ഉറപ്പു വരുത്തുകയും വില നിലവാരം പ്രദർശിപ്പിക്കാത്തവർക്കെതിരെ കർശന ശിക്ഷാ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. എല്ലാ ജില്ലകളിലും 5 മുതൽ 10 വരെ ഹോട്ടലുകൾ ജില്ലാ കളക്ടർമാർ തിരഞ്ഞെടുത്ത് അവിടെ കളക്ടർ നിശ്ചയിക്കുന്ന റേറ്റിൽ സാധാരണ ഊണ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| ബി) | ഹോട്ടലുകളിൽ ആഹാര സാധന ങ്ങളുടെ വില ഏകീകരിക്കുന്ന തിന് സംവിധാനം ഏർപ്പെടു ത്തുമോ ; | (ബി) | ഹോട്ടലുകളിൽ ഭക്ഷണ സാധനങ്ങളുടെ വില ഏകീകരിക്കുന്നതിൻെറ സാധ്യതകൾ പരി ശോധിക്കാൻ ഒരു കമ്മിറ്റിയെ നിയോഗിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| സി) | എല്ലാ ജില്ലകളിലും മിതമായ വിലയ്ക്ക് ഭക്ഷണം നൽകുന്ന ന്യായ വില ഹോട്ടലുകളെ പ്രോത്സാഹിപ്പിക്കുന്നതിന് ഉദ്ദേശി ക്കുന്നുണ്ടോ ; എങ്കിൽ പദ്ധതി യുടെ വിശദാംശം വെളിപ്പെടു ത്തുമോ ; | (സി) | ഹോട്ടൽ ആൻ്റ് റസ്റ്റോറൻ്റ് അസോസിയേ ഷനുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാന ത്തിൽ മാവേലി സ്റ്റോറിൻെറ വിലയ്ക്ക് 13 ഇനം അവശ്യ വസ്തുക്കളും സുഗന്ധ വ്യഞ്ജനങ്ങളും അരിയും ജില്ലാ കളക്ടർമാർ തിരഞ്ഞെടു ക്കുന്ന 5 മുതൽ 10 വരെ ഹോട്ടലുകൾക്ക് നൽകുകയും പ്രസ്തുത ഹോട്ടലുകളിലെ ഊണിൻെറ വില കളക്ടർമാർ തീരുമാനിക്കു ന്നതുമാണ്. അനുവദിച്ച സബ്സിഡൈസ്ഡ് സാധനങ്ങൾ കൃത്യമായി ഉപയോഗിക്കുന്നു എന്ന് ഉറപ്പാക്കാനും സാധനങ്ങൾ മറിച്ചു വിൽക്കാതിരിക്കാനും സാധാരണ ജനങ്ങ ൾക്ക് ഗുണകരമായ രീതിയിൽ കുറഞ്ഞ നിര ക്കിൽ ആഹാര സാധനങ്ങൾ ലഭ്യമാക്കാനും സപ്ലൈകോ നിരീക്ഷണം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.<br><br>കൂടാതെ കുടുംബശ്രീയുമായി ചേർന്ന് ഒരു കരാറിൻെറ അടിസ്ഥാനത്തിൽ സപ് ലൈകോ മേൽപറഞ്ഞ വിധത്തിൽ പുതിയ മാവേലി ഹോട്ടലുകൾ തുടങ്ങുന്നതിനും പദ്ധതിയുണ്ട്. |
| ഡി) | സിവിൽ സപ്ലൈസ് കോർപ്പറേ ഷൻ നേരിട്ട് ന്യായവില ഹോട്ടലു കൾ ആരംഭിക്കുന്ന കാര്യം പരിഗ ണിക്കുമോ ? | (ഡി) | സിവിൽ സപ്ലൈസ് കോർപ്പറേഷൻ നേരിട്ട് ന്യായവില ഹോട്ടലുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട<br>ചോദ്യം നമ്പർ 9 | 22.6.2009 ൽ<br>മറുപടിയ്ക്ക് |

## സ്മാർട്ട് സിറ്റി പദ്ധതിയുടെ നടത്തിപ്പിലെ കാലതാമസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അടൂർ പ്രകാശ് ;<br>ശ്രീ. വി.ഡി. സതീശൻ ; | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| എ) | സ്മാർട്ട് സിറ്റി പദ്ധതിയുടെ നടത്തിപ്പിന് കാലതാമസം നേരിടുന്നത് ഈ സംരംഭത്തിൽ സർക്കാരിന്റെ പങ്കാളിയായ ടീക്കോമിന്റെ സാമ്പത്തിക പ്രതിസന്ധി മൂലമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | | (എ) യും (ബി) യും<br>സർക്കാരിന് വിശദീകരണമൊന്നും നല്കിയിട്ടില്ല. |
| ബി) | ഇതു സംബന്ധിച്ച് ടീക്കോം അധികൃതർ എന്തെങ്കിലും വിശദീകരണം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ ; | | |
| സി) | സ്മാർട്ട് സിറ്റി കരാറിൽ വ്യവസ്ഥ ചെയ്യുന്ന തരത്തിലുള്ള മാസ്റ്റർ പ്ലാൻ തയ്യാറായിട്ടുണ്ടോ ; | സി) | ഇല്ല. |
| ഡി) | എങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ ? | ഡി) | ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ:10.

22..6..2009-ൽ മറുപടിക്ക്

### "പശുക്കുട്ടി വികസന പദ്ധതി"

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ എം.എൽ.എ.:<br>ശ്രീ. എം. ഹംസ എം.എൽ.എ.:<br>ശ്രീ. സി.എച്ച്. കുഞ്ഞമ്പു എം.എൽ.എ.:<br>ശ്രീ. കെ. കുഞ്ഞിരാമൻ എം.എൽ.എ.:<br>ശ്രീമതി കെ.എസ്. സലീഖ എം.എൽ.എ.: | ശ്രീ. സി. ദിവാകരൻ<br>ഭക്ഷ്യ-സിവിൽ സപ്ലൈസ്,<br>മൃഗസംരക്ഷണ വകുപ്പ് മന്ത്രി |
| (എ) ക്ഷീരകർഷകർക്കായി മിൽമ ആവിഷ്ക്കരിച്ചിട്ടുള്ള പശുക്കുട്ടി വികസന പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ; | (എ) ശാസ്ത്രീയ പരിപാലനത്തിന്റെ അഭാവവും കന്നുകുട്ടി പരിപാലനത്തിനു വേണ്ടി വരുന്ന ഭാരിച്ച ചെലവും മൂലം ബഹുഭൂരിപക്ഷം ക്ഷീരകർഷകരും കിടാരികളെ വളർത്താതെ വിൽക്കുന്ന പ്രവണതയാണ് ഇന്ന് നിലനിൽക്കുന്നത്. തൻമൂലം, സംസ്ഥാനത്തെ കാലി സമ്പത്തിൽ ഗണ്യമായ കുറവ് അനുഭവപ്പെടുന്നുണ്ട്. ഇതൊഴിവാക്കി കാലി സമ്പത്ത് വർദ്ധിപ്പിക്കുക എന്നതാണ് മിൽമയുടെ കീഴിലുള്ള തിരുവനന്തപുരം മേഖലാ ക്ഷീരോല്പാദക യൂണിയന്റെ ആഭിമുഖ്യത്തിലുള്ള "പശുക്കുട്ടി വികസന പദ്ധതി"യിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. 95 ലക്ഷം രൂപയാണ് ഈ പദ്ധതിയ്ക്ക് വകയിരുത്തിയിട്ടുള്ളത്. ഈ പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്ന കന്നുകുട്ടികൾക്ക് 18 മാസം വരെ വിരമരുന്ന്, ധാതുലവണ മിശ്രിതം + വൈറ്റമിൻ എ, 4 മുതൽ 6 മാസം വരെ കാഫ് സ്റ്റാർട്ടർ ഫീഡ് എന്നിവയും 6 മുതൽ 18 മാസം വരെയുള്ള കാലിത്തീറ്റയിനത്തിലുള്ള ചെലവിന്റെ 25% നൽകിയും അവയെ കിടാരിയാകുന്നതുവരെ ശാസ്ത്രീയ സംരക്ഷണം നൽകി ഉല്പാദനക്ഷമത കൂടിയ പശുക്കളായി വാർത്തെടുക്കുകയെന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. |

| | |
|---|---|
| (ബി) പശുക്കുട്ടികളെ നൽകുന്നതിന് ക്ഷീരകർഷകരെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണ്;<br><br>(സി) ഈ വർഷം എത്രപേർക്കാണ് പശുക്കുട്ടികളെ നൽകുന്നത്; പശുക്കുട്ടികളെ എവിടെനിന്നുമാണ് കൊണ്ടു വരുന്നത്; | (ബി) & (സി) ഈ പദ്ധതി പ്രകാരം കർഷകർക്ക് കന്നുകുട്ടികളെ വിതരണം ചെയ്യുന്നില്ല; മറിച്ച് ക്ഷീരകർഷകർ വളർത്തുന്ന പശുക്കളിൽ ജനിക്കുന്ന പെൺകിടാരികളെ പ്രായപൂർത്തിയാകുന്നതുവരെ പരിപാലിക്കുകയാണ് ചെയ്യുന്നത്. തള്ളപ്പശുവിന്റെ ഉല്പാദനവും, ആരോഗ്യവും മാനദണ്ഡമാക്കിയാണ് കന്നുകുട്ടികളെ ദത്തെടുക്കുന്നത്. 2008-09 സാമ്പത്തിക വർഷം 4 ജില്ലകളിലായി 4300 കന്നുകുട്ടികളെയാണ് ദത്തെടുത്തിരിക്കുന്നത്. ഈ സാമ്പത്തികവർഷം (2009-10) 4500 കന്നുകുട്ടികളെ ദത്തെടുക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (ഡി) പശുക്കുട്ടികളെ വളർത്തുന്നതിന് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്; പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്ന നേട്ടങ്ങൾ വിശദമാക്കുമോ? | (ഡി) പശുക്കുട്ടികൾക്ക് വിരമരുന്ന്, ധാതുലവണ മിശ്രിതം + വൈറ്റമിൻ എ, കാഫ് സ്റ്റാർട്ടർ, കാലിത്തീറ്റ എന്നിവ നൽകി കർഷകരുടെ പെൺകിടാരികളെ ശാസ്ത്രീയമായി സംരക്ഷിച്ച് ഉല്പാദന ക്ഷമത കൂടിയ പശുക്കളായി വാർത്തെടുക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. കൂടാതെ, അന്യസംസ്ഥാനങ്ങളിൽ നിന്നും പശുക്കളെ വാങ്ങുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകളും അങ്ങനെ വാങ്ങുന്ന പശുക്കുട്ടികളുടെ ഉല്പാദന ക്ഷമത കൃത്യമായി നിശ്ചയിക്കാൻ കഴിയാത്തതുമൂലവും, പല പദ്ധതികളും ഉദ്ദേശിച്ച ലക്ഷ്യം നേടുന്നില്ല. ഈ സാഹചര്യത്തിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 11. — 22/06/2009 - ൽ മറുപടിക്ക്

**പൊതു വിതരണ സമ്പ്രദായം മെച്ചപ്പെടുത്തുന്നതിനും ശക്തിപ്പെടുത്തുന്നതിനും നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എം. യൂസഫ് :<br>ശ്രീ. പി. വിശ്വൻ :<br>ശ്രീ. കെ. വി അബ്ദുൾ ഖാദർ :<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ .<br>ശ്രീ. കെ.കെ. ജയചന്ദ്രൻ: | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് പൊതു വിതരണ സമ്പ്രദായം മെച്ചപ്പെടുത്തുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | (എ) പൊതു വിതരണ സമ്പദായം മെച്ചപ്പെടുത്തുന്നതിൻെറ ഭാഗമായി കേന്ദ്ര അലോട്ട്മെന്റുകൾ യാതൊരു വീഴ്ചയും കൂടാതെ വിട്ടെടുത്ത് വിതരണം ചെയ്തു വരുന്നു. എഫ്.സി.ഐ ഗോഡൗണുകളിലും, മൊത്ത വ്യാപാര ഗോഡൗണുകളിലും വിതരണം നടക്കുന്ന ദിവസങ്ങളിൽ ഉദ്യോഗസ്ഥരെ നിയമിച്ച് വിതരണം കാര്യക്ഷമമായി നടക്കുന്നു എന്ന് ഉറപ്പു വരുത്തുന്നു. റേഷൻ സാധനങ്ങൾ കൊണ്ടു പോകുന്ന വാഹനത്തിന് മുമ്പിലും പുറകിലും "ഓൺ പി.ഡി.എസ്. റേഷൻ ഡ്യൂട്ടി" എന്ന സ്റ്റിക്കർ പതിപ്പിക്കുന്നത് നിർബന്ധമാക്കുകയും തിരിമറി തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഗോഡൗണുകളിൽ നിന്നെടുത്ത റേഷൻ സാധനത്തിൻെറ സീൽഡ് സാമ്പിൾ റേഷൻ കടകളിൽ ഗുണഭോക്താക്കൾക്ക് കാണത്തക്കവിധത്തിൽ പ്രദർശിപ്പിക്കുകയും സാമ്പിൾ പ്രകാരമുള്ള സാധനങ്ങൾ തന്നെയാണ് വിതരണം ചെയ്യുന്നത് എന്ന് വകുപ്പ് ഉദ്യോഗസ്ഥർ നിരന്തരം പരിശോധനയിലൂടെ ഉറപ്പ് വരുത്തുകയുംചെയ്യുന്നു. കൂടാതെ പൊതു വിതരണ കേന്ദ്രങ്ങളിൽ സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ നിരന്തര |

പരിശോധനകൾ നടത്തി കുറ്റക്കാർ എന്ന് കാണുന്നവർക്കെതിരെകർശന നടപടികൾ സ്വീകരിക്കുന്നു. പൊതുജനങ്ങൾക്ക് റേഷൻ സാധനങ്ങളുടെ ലഭ്യതയെക്കുറിച്ച് അറിവ് നൽകുന്നതിനായി ബഹു വർണ്ണ പോസ്റ്ററുകൾ അച്ചടിച്ച് പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. പ്രതിമാസ അലോട്ട്മെന്റും ഓരോ കാർഡുടമയ്ക്കും അതാത് പദ്ധതി പ്രകാരം അർഹതപ്പെട്ട റേഷൻ സാധനങ്ങളുടെ വിവരങ്ങളും പ്രമുഖ പത്രങ്ങളിലൂടെ ഓരോ മാസവും പ്രസ് റിലീസായി നൽകി വരുന്നുണ്ട്. പുതിയതായി ഏർപ്പെടുത്തിയ രണ്ട് രൂപ നിരക്കിലുള്ള അരിയുടെ വിതരണം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സംസ്ഥാനത്ത് 3 സോണൽ മോണിറ്ററിങ് സെല്ലുകളും ജില്ലാ തലത്തിൽ ജില്ലാ മോണിറ്ററിംഗ് സെല്ലുകളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ചില്ലറ/മൊത്ത വിതരണ കേന്ദ്രങ്ങളിൽ ഇലക്ട്രോണിക് ത്രാസ് സ്ഥാപിച്ചു കഴിഞ്ഞു. അതു മൂലം തൂക്കക്കുറവിനെ സംബന്ധിച്ച പരാതികൾ ഇല്ലാതായിട്ടുണ്ട്. പൊതുജനങ്ങളുടെ പരാതികൾക്ക് പരിഹാരം കാണുന്നതിനായി കമ്മീഷണറുടെ മേൽനോട്ടത്തിൽ പരാതി പരിഹാര സെൽ പ്രവർത്തിച്ചു വരുന്നു. വകുപ്പുതലത്തിലുള്ള പ്രവർത്തനങ്ങൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികൾ ധൃതഗതിയിൽ നടന്നു വരുന്നു.

കൂടാതെ സംസ്ഥാനത്തെ 14000 റേഷൻ കടകൾ നവീകരിക്കാനുള്ള നടപടികൾ ആരംഭിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ 52 കോടി രൂപയുടെ ഒരു പദ്ധതി കേന്ദ്ര സർക്കാരിനു സമർപ്പിച്ചു കഴിഞ്ഞു.

റേഷൻ കടകളിൽ ഇലക്ട്രോണിക് യന്ത്രങ്ങൾ സ്ഥാപിച്ച് അളവും തൂക്കവും കൃത്യമായി പാലിച്ചു വരുന്നു. ഈ വർഷം മുതൽ 20 ലക്ഷം ബി.പി.എൽ. കാർഡ് ഉടമകൾക്കും കൂടാതെ പട്ടികജാതി പട്ടികവർഗ്ഗം, മത്സ്യത്തൊഴിലാളി, ആശ്രയപദ്ധതിയിൽപ്പെടുന്നവർക്കും 2 രൂപക്ക് ഒരു കിലോ അരി വിതരണം നടപ്പിലാക്കി കഴിഞ്ഞു.

ബി) സംസ്ഥാനത്തിന് അർഹമായ റേഷനരി വിഹിതത്തിൽ എന്തു മാത്രം വെട്ടിക്കുറവാണ് കേന്ദ്ര സർക്കാർ വരുത്തിയിട്ടുള്ളത് ;

(ബി) വെട്ടിക്കുറച്ച റേഷൻ അരിയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | അളവ് 05/06 | കുറച്ച മാസവും അനുവദിച്ച അളവും | [illegible] |
|---|---|---|---|
| എ.പി.എൽ. | 1,13,420 | 04/07 - 21334 | -92086 |
| | | 04/08 - 17056 | 96364 |
| ബി.പി.എൽ. | 26593 | 10/06 - 26566 | -27 |
| എ.എ.വൈ | 18926 | 07/06 20855 | + 1929 |
| അന്നപൂർണ്ണ | 309.63 | 04/07 450 | + 140.[illegible] |

(സി) റേഷനരി വിഹിതം പുന:സ്ഥാപിച്ചു കിട്ടുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(സി) വെട്ടിക്കുറച്ച റേഷൻ സാധനങ്ങൾ പുന:സ്ഥാപിക്കുന്നതിനായി മുഖ്യമന്ത്രിയുടെയും ഭക്ഷ്യമന്ത്രിയുടെയും നേതൃത്വത്തിൽ നിരവധി നിവേദനങ്ങൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചു. കൂടാതെ ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സർവ്വകക്ഷി സംഘം കേന്ദ്രസർക്കാരുമായി ചർച്ച നടത്തി. തുടർന്ന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഡൽഹിയിൽ ധർണ്ണ നടത്തുകയും ചെയ്തു. ഇതിന്റെയൊക്കെ ഫലമായി വിഹിതം പുന:സ്ഥാപിച്ചില്ലായെങ്കിലും എ.പി.എൽ. പദ്ധതി പ്രകാരം അഡ്ഹോക്ക്/അഡിഷണൽ അലോട്ട്മെന്റായി 2007-08 വർഷത്തിൽ 51,000 മെ.ടൺ അരിയും 83,667 മെ.ടൺ ഗോതമ്പും 2008-09 -ൽ 1,46,000 മെ.ടൺ അരിയും 20,000 മെ.ടൺ ഗോതമ്പും 2010 മാർച്ച് മാസം വരെ പ്രതിമാസം 19,000 മെ.ടൺ അരിയും കേന്ദ്ര സർക്കാർ അനുവദിച്ചു തന്നു.

(ഡി) റേഷനരി വിഹിതം പുനസ്ഥാപിക്കുന്ന കാര്യത്തിൽ ഇപ്പോഴത്തെ കേന്ദ്ര സർക്കാരിന്റെ ഭാഗത്തു നിന്നും അനുകൂലമായ നടപടി ഉണ്ടായിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ?

(ഡി) മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കേന്ദ്ര ഭക്ഷ്യ വകുപ്പു സഹമന്ത്രിയുമായി നടന്ന ചർച്ചയിൽ വെട്ടിക്കുറച്ച എ.പി.എൽ റേഷൻ വിഹിതം പുന:സ്ഥാപിച്ചു തരാമെന്ന് സമ്മതിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 12 22-6-2009 ന് മറുപടിക്ക്

വനം കയ്യേറ്റത്തിനെതിരെ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ:<br>" ബി. ഡി. ദേവസ്സി:<br>" എസ്. രാജേന്ദ്രൻ:<br>" പി. കൃഷ്ണപ്രസാദ്:<br>" രാജു എബ്രഹാം : | ശ്രീ.ബിനോയ് വിശ്വം<br>(വനവും ഭവന നിർമ്മാണവും<br>വകുപ്പ് മന്ത്രി) |
| (എ) വനം കയ്യേറ്റം തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) വനം കയ്യേറ്റ ശ്രമങ്ങൾ യഥാസമയം കണ്ടെത്തി അവ തടയുകയും പ്രതികൾക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചും വരുന്നുണ്ട്. വനം കയ്യേറ്റത്തിന് സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ നിരന്തരമായ പെട്രോളിംഗ് നടത്തിയും വനാതിർത്തിയോട് ചേർന്നുള്ള പ്രദേശങ്ങളിൽ ജന പങ്കാളിത്തത്തോടെയുള്ള വന പരിപാലന സംരക്ഷണ പ്രവർത്തനങ്ങൾ വഴിയും വനം കയ്യേറ്റ ശ്രമങ്ങൾ തടയുന്നതിന് കഴിഞ്ഞിട്ടുണ്ട്. വന ഭൂമിയുടെ സംരക്ഷണത്തിനായി വനാതിർത്തികൾ നിർണ്ണയിച്ച് സ്ഥിരം |

ജണ്ട കെട്ടിയും കയ്യാല സ്ഥാപിച്ചും സംരക്ഷിച്ചു വരുന്നു.

(ബി) ഈ സർക്കാർ വന്നശേഷം വന വിസ്തൃതിയിൽ എന്തുമാത്രം വർദ്ധനവ് ഉണ്ടായിട്ടുണ്ട്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആകെ 12645.78 ഹെക്ടർ ഭൂമി റിസർവ്വ് വനമായി പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) ഏതെല്ലാം പ്രദേശങ്ങളിൽ നിന്നും എത്ര ഹെക്ടർ ഭൂമി വനത്തിന്റെ ഭാഗമാക്കാൻ കഴിഞ്ഞിട്ടുണ്ട്;

(സി) കോട്ടയം ജില്ലയിലെ വാഗമണ്ണിൽ 440.06 ഹെക്ടറും, ഇടുക്കി ജില്ലയിലെ മാങ്കുളത്ത് 9005.72 ഹെക്ടറും, കമ്പകല്ല്, കടവരി മേഖലയിൽ കുറിഞ്ഞിമല സങ്കേതമായി 3200 ഹെക്ടറും റിസർവ്വ് വനമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) 1971-നു ശേഷം എത്ര ഹെക്ടർ വന ഭൂമിയിൽ കയ്യേറ്റം നടന്നിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഡി) 01-01-1977 - എന്ന തീയതി അടിസ്ഥാനമാക്കിയാണ് വന ഭൂമിയിലെ കയ്യേറ്റങ്ങളുടെ വിസ്തൃതി തിട്ടപ്പെടുത്തിയിട്ടുള്ളത്. 01-01-1977-ന് മുൻപ് 34,255 ഹെക്ടർ , 1-1-1977-ന് ശേഷം ഉദ്ദേശം 6807 ഹെക്ടർ.

(ഇ) വനങ്ങളിൽ നിന്നുള്ള മരം മോഷണം തടയുന്നതിന് നിലവിലുള്ള സംവിധാനം ശക്തിപ്പെടുത്തുമോ?

(ഇ) സംരക്ഷണ സംവിധാനങ്ങൾ ശക്തിപ്പെടുത്തി വരുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 13

22.6.2009 ൽ
മറുപടിയ്ക്ക്

## സ്മാർട്ട് സിറ്റി പദ്ധതി പൂർത്തീകരിക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ. കെ.കെ. ഷാജു : | ഉത്തരം<br>ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
|---|---|
| എ) സ്മാർട്ട് സിറ്റി പദ്ധതി വൈകുന്നതിന്റെ കാരണം വിശദമാക്കുമോ ;<br><br>ബി) ഇത്തരം പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ ? | (എ) യും (ബി) യും<br><br>സ്മാർട്ട്സിറ്റി വൈകുന്നതിന് പല കാരണങ്ങളുണ്ട്. പാട്ടക്കരാർ രജിസ്റ്റർ ചെയ്യുന്നതിനുള്ള കാലതാമസം, SEZ അനുമതി ലഭ്യമാക്കുന്നതിനുള്ള കാലതാമസം, Project implement ചെയ്യുന്നതിനുള്ള കാലതാമസം. കൂടാതെ സ്മാർട്ട്സിറ്റിയുമായി ഒപ്പുവച്ച പാട്ടക്കരാറുകൾ ഇന്ത്യൻ രജിസ്ട്രേഷൻ ആക്ട് പ്രകാരം അസാധുവായതിനാൽ പുതിയ പാട്ടക്കരാറുകൾ ഒപ്പുവക്കേണ്ടതുണ്ട്. സ്മാർട്ട്സിറ്റി ടീകോം പ്രതിനിധികൾ ഈ അവസരത്തിൽ ഫ്രെയിംവർക്ക് എഗ്രിമെന്റിൽ clause 5.4 സംബന്ധിച്ച് ചില വിശദീകരണം ഉന്നയിക്കുകയുണ്ടായി. സ്മാർട്ട് സിറ്റി ടീകോം പ്രതിനിധികൾ പഴയ പാട്ടക്കരാറിൽ ഇല്ലാതിരുന്ന ഫ്രെയിംവർക്ക് എഗ്രിമെന്റിൽ പറയുന്ന ഫ്രീഹോൾഡ് സംബന്ധിച്ച വ്യവസ്ഥ പുതിയ പാട്ടക്കരാറിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെടുകയുണ്ടായി. ഇക്കാര്യത്തിൽ സർക്കാർ ഫ്രെയിംവർക്ക് എഗ്രിമെന്റിൽ പറഞ്ഞിരിക്കുന്ന clause 5.4 മാനിക്കുമെന്ന് പലപ്രാവശ്യം ടീകോമിനെ അറിയിച്ചിട്ടും അവർക്ക് തൃപ്തികരമല്ലാത്തതുകൊണ്ട് ഇക്കാര്യം സർക്കാരുമായി ചർച്ച ചെയ്യുന്നതിനുവേണ്ടി സ്മാർട്ട്സിറ്റി ടീകോമിനെ ക്ഷണിച്ചിട്ടുണ്ട്. ഫ്രെയിംവർക്ക് എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ ഈ പ്രോജക്ടുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും സർക്കാർ ചർച്ച ചെയ്ത് പ്രോജക്ട് മുന്നോട്ട് കൊണ്ടുപോകാൻ ശ്രമിക്കുകയാണ്. |

സെക്ഷൻ ഓഫീസർ

12-ാം കേരള നിയമസഭ
11-ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപര്‍ : 14 22.6.2009-ല്‍ മറുപടിക്ക്

കെ.എസ്.ആര്‍.ടി.സി. യുടെ ടിക്കറ്റിതര വരുമാനം വര്‍ദ്ധിപ്പിക്കുന്നതിന് നടപടി

ചോദ്യം

ഉത്തരം

ശ്രീ.വി.എന്‍ വാസവന്‍
ശ്രീ. വി. ശിവന്‍കുട്ടി
ശ്രീ. കെ.കെ. ദിവാകരന്‍
ശ്രീമതി. പി. അയിഷാ പോറ്റി
ശ്രീ. എ. പ്രദീപ് കുമാര്‍

ശ്രീ. വി.എസ് അച്യുതാനന്ദന്‍
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആര്‍.ടി.സി.യുടെ ടിക്കറ്റിതര വരുമാനം വര്‍ദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികള്‍ വിശദമാക്കുമോ: | (എ) | കെ.എസ്.ആര്‍.ടി.സി. യുടെ ടിക്കറ്റിതര വരുമാനം വര്‍ദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി വാണിജ്യപ്രാധാന്യമുള്ള സ്ഥലങ്ങളില്‍ സ്ഥിതിചെയ്യുന്ന വിവിധ ബസ് സ്റ്റേഷനുകളില്‍ വ്യാപാര സമുച്ചയ മന്ദിരങ്ങള്‍ നിര്‍മ്മിച്ച് അതില്‍ ഉള്‍പ്പെടുന്ന കടമുറികള്‍, ആഫീസ് സ്ഥലം എന്നിവ വാടകയ്ക്ക് നല്‍കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ബസ് സ്റ്റേഷനുകളിലും, കോര്‍പ്പറേഷന്റെ പരിധിയില്‍ വരുന്ന സ്ഥലങ്ങളിലും പരമാവധി സ്ഥലം യാത്രക്കാര്‍ക്ക് ബുദ്ധിമുട്ടുണ്ടാക്കാതെ കച്ചവടം നടത്തുന്നതിനായി ലേലം / ടെണ്ടര്‍ മുഖേന നല്‍കിവരുന്നു. കൂടാതെ ബസുകളിലും, ബസ് സ്റ്റേഷനുകളിലും പരസ്യം ചെയ്യുന്നതിനുള്ള ലൈസന്‍സ് ലേലം/ടെണ്ടര്‍ നടപടികളിലൂടെ നല്കിയിട്ടുണ്ട്. ബസിനുള്ളില്‍ ഇലക്ട്രോണിക് വീഡിയോവഴി പരസ്യം ചെയ്യുന്നതിനുള്ള അവകാശം ലേലം/ടെണ്ടര്‍ ചെയ്ത് നല്‍കുന്നതിനുള്ള നടപടികള്‍ നടന്നുവരുന്നു. ബി.ഒ.റ്റി വ്യവസ്ഥയിലും കെ..എസ്.ആര്‍.ടി.സി. വഴിയും ഷോപ്പിംഗ് കോംപ്ളക്സുകള്‍ നിര്‍മ്മിക്കാന്‍ നടപടികള്‍ എടുത്തുവരുന്നു. |
| (ബി) | ബസ് സ്റ്റേഷനുകളോടനുബന്ധിച്ച് | (ബി) | വിവിധ സ്ഥലങ്ങളില്‍ ബസ് സ്റ്റേഷനോട് അനുബന്ധിച്ചു തന്നെ |

| | | | |
|---|---|---|---|
| | ഷോപ്പിംഗ് കോംപ്ളക്സുകൾ നിർമ്മിക്കാനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ; | | ഷോപ്പിംഗ് കോംപ്ളക്സുകൾ നിർമ്മിക്കുന്നതിനാണ് വിഭാവന ചെയ്തിട്ടുള്ളത്. ഇതനുസരിച്ച് കണ്ണൂർ ബസ് സ്റ്റേഷനിൽ ഷോപ്പിംഗ് കോംപ്ളക്സിന്റെ ഒന്നാം നില പണി പൂർത്തിയായി ഇപ്പോൾ പ്രവർത്തനത്തിലാണ്. കാസർകോഡും കൊട്ടാരക്കരയിലും ബസ് സ്റ്റേഷനോടനുബന്ധിച്ച് ഷോപ്പിംഗ് കോംപ്ളക്സുകളുടെ നിർമ്മാണം ത്വരിതഗതിയിൽ പുരോഗമിക്കുന്നു. കാട്ടാക്കട ബസ് സ്റ്റേഷനോടനുബന്ധിച്ച് ഷോപ്പിംഗ് കോംപ്ളക്സ് നിർമ്മാണത്തിന് ദർഘാസുകൾ സ്വീകരിച്ച് അനന്തര നടപടികൾ പുരോഗതിയിലാണ്. |
| (സി) | ബസ്സുകളിൽ പരസ്യം പതിയ്ക്കുന്നതിന് അനുവാദം നൽകുന്നതിനുള്ള നടപടിക്രമം വ്യക്തമാക്കുമോ; ഇത് പരിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | കെ.എസ്.ആർ.ടി.സി. ബസുകളിൽ പരസ്യം ചെയ്യുന്നതിന് അവകാശം ലേലം/ടെണ്ടർ നടപടികളിലൂടെയാണ് നൽകുന്നത്. ഈ നടപടിക്രമം പരിഷ്കരിക്കുന്നത് പരിഗണനയിലില്ല. |
| (ഡി) | പരസ്യ ഇനത്തിൽ പ്രതിവർഷം എത്ര കോടി രൂപയാണ് ലഭിക്കുന്നത്; | (ഡി) | കെ.എസ്.ആർ.ടി.സി. ഇപ്പോൾ പരസ്യത്തിനുള്ള ലൈസൻസ് നൽകിയിരിക്കുന്ന കാലാവധി ബസിലെ പരസ്യത്തിന് രണ്ടു വർഷവും ബസ് സ്റ്റേഷനുകളിലെ പരസ്യത്തിന് മൂന്നു വർഷവും ആണ്. 2008-2009, 2009-2010 വർഷങ്ങളിൽ ശരാശരി വരുമാനം 2,95,33333/- രൂപയാണ്. |
| (ഇ) | കെ.എസ്.ആർ.ടി.സി.യുടെ പുനഃസംഘടനാ പദ്ധതിയുടെ വിശദാംശം നൽകുമോ; പുനസംഘടനാ പദ്ധതി പൂർത്തിയാക്കുന്നതോടെ കോർപ്പറേഷന് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്? | (ഇ ) | കെ.എസ്.ആർ.ടി.സി. യുടെ പുനരുദ്ധാരണം സംബന്ധിച്ച് മന്ത്രിസഭ ഉപസമിതിയുടെ ശുപാർശകൾ അംഗീകരിച്ച 16.2.2008 തീയതിയിൽ സർക്കാർ ഉത്തരവ് (എം.എസ്) 10/2008/ഗതാഗതം നമ്പരായി 11 നിർദ്ദേശങ്ങൾ അടങ്ങിയ സർക്കാർ ഉത്തരവ് ഇറക്കുകയും അതിൻപ്രകാരം<br>1. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കടമെടുത്ത പ്രതിവർഷം 1000 ബസുകൾ നിരത്തിലിറക്കുക.<br>2. ഐ.ഒ.സി.യ്ക്ക് നൽകുവാനുള്ള 160 കോടിയുടെ ബാദ്ധ്യത |

| | | | |
|---|---|---|---|
| | | | തീർക്കുന്നതിനായി ട്രാൻസ്പോർട്ട് ബോണ്ട് ഇറക്കുന്നതിന് നിയമാനുസൃത നടപടി സ്വീകരിക്കുക.<br>3. 31.3.2008 വരെയുള്ള കോർപ്പറേഷന്റെ ബാദ്ധ്യത എഴുതി തള്ളുക.<br>4. തിരുവനന്തപുരം ജില്ലയിലെ സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുക.<br>5. പ്രധാന കേന്ദ്രങ്ങളിൽ ഷോപ്പിംഗ് കോംപ്ളക്സുകൾ നിർമ്മിക്കുക.<br>6. ടിക്കറ്റില്ലാതെ യാത്ര ചെയ്യുന്നവരിൽനിന്നും 500/- പിഴ ഈടാക്കാൻ കെ.എസ്.ആർ.ടി.സി ഉദ്യോഗസ്ഥർക്ക് അധികാരം നൽകുക.<br>7. ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരിക്കുക.<br>8. കെ.എം.പി.എൽ ഘട്ടം ഘട്ടമായി വർദ്ധിപ്പിച്ച് കോർപ്പറേഷന്റെ ചെലവ് കുറയ്ക്കാൻ നടപടികൾ സ്വീകരിക്കുക തുടങ്ങിയ ശുപാർശകളാണ് സർക്കാർ അംഗീകരിച്ചുത്തരവായത്.<br><br>പുന:സംഘടനാ പദ്ധതികൾ എല്ലാം പൂർത്തീകരിച്ചില്ല. ഒരോ വർഷവും 1000 ബസ്സുകൾ പുറത്തിറക്കി കോർപ്പറേഷന്റെ പ്രവർത്തനം വിപുലീകരിക്കാൻ നടപടികൾ എടുത്തു വരുന്നുണ്ട്. ഐ.ഒ.സി.യ്ക്ക് നൽകാനുള്ള ബാദ്ധ്യത ട്രാൻസ്പോർട്ട് ബോണ്ടായി ഇറക്കുന്നതിന് ചില സാങ്കേതിക തടസ്സങ്ങൾ വന്നതിനാൽ സർക്കാർ ലോണായി ഭാഗികമായ തുക കോർപ്പറേഷന് നൽകുകയും ബാദ്ധ്യത 87 കോടിയായി ചുരുങ്ങുകയും ചെയ്തിട്ടുണ്ട്. ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം നടപ്പാക്കുക വഴി ജീവനക്കാരുമായി മെച്ചപ്പെട്ട തൊഴിൽ ബന്ധം ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. സർക്കാർ നടപടികൾ മൂലം കോർപ്പറേഷന്റെ |

| | | | |
|---|---|---|---|
| | | | സാമ്പത്തിക പ്രതിസന്ധി ഭാഗികമായി മാത്രമേ പരിഹരിക്കാൻ കഴിഞ്ഞിട്ടുള്ളൂ. ടിക്കറ്റില്ലാതെ യാത്ര ചെയ്യുന്ന യാത്രക്കാർക്ക് 500/- രൂപ ഫൈൻ ഈടാക്കുന്നതുവഴി ടിക്കറ്റില്ലാതെ യാത്രചെയ്യുന്നവരുടെ എണ്ണം കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. 2005-ൽ ഇന്ധനക്ഷമത 3.84 കിലോമീറ്റർ ഒരു ലിറ്ററിന് എന്നത് ഇപ്പോൾ 4.23 ആയതുമൂലം ചെലവ് ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. |

[signature]

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 15

22.6.2009 ൽ
മറുപടിയ്ക്ക്

## സ്മാർട്ട് സിറ്റി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ പുരോഗതി

ചോദ്യം
ശ്രീ. ബി. ബാബു പ്രസാദ് ;

എ) സ്മാർട്ട് സിറ്റി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ പുരോഗതി വിശദീകരിക്കാമോ ;

ബി) ദുബായിലെ ടീക്കോം കമ്പനിയും, സർക്കാരും തമ്മിൽ ഇതുവരെ നടത്തിയ ചർച്ചകളിൽ എന്തെങ്കിലും ധാരണയുണ്ടായിട്ടുണ്ടോ ;

സി) എന്തെല്ലാം വിഷയങ്ങളിലാണ് ധാരണ ഉണ്ടായിട്ടുള്ളത് ;

ഡി) ഏത് വിഷയത്തിലാണ് ഇനി ധാരണ ഉണ്ടാകാനുള്ളത് ;

ഇ) ദുബായ് കമ്പനിയും സംസ്ഥാന സർക്കാരും തമ്മിൽ നടന്ന ചർച്ചകളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം
ശ്രീ. വി.എസ്. അച്യുതാനന്ദൻ
(മുഖ്യമന്ത്രി)

(എ), (ബി), (സി), (ഡി) ആന്റ് (ഇ)

സ്മാർട്ട് സിറ്റിക്കായി കാക്കനാട് വില്ലേജിലും പുത്തൻകുരിശ് വില്ലേജിലുംപെട്ട 246 ഏക്കർ സ്ഥലം സ്മാർട്ട് സിറ്റി കൊച്ചി ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡിന് പാട്ടത്തിന് നൽകിയിട്ടുണ്ടായിരുന്നു. ഇതിൽ 132 ഏക്കർ സ്ഥലത്തിന് പ്രത്യേക സാമ്പത്തിക മേഖലാ പദവിക്കുള്ള അനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതി പ്രദേശത്ത് അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി എന്നിവ ലഭ്യമാക്കുവാൻ വേണ്ട നടപടി എടുത്തിട്ടുണ്ട്. അപ്രോച്ച് റോഡുകൾ ഇപ്പോൾതന്നെ നിലവിലുണ്ട്. സ്മാർട്ട്സിറ്റിക്ക് നല്കിയ 132 ഏക്കർ സ്ഥലത്തിന് സെസ് പദവി ലഭിച്ചതിനെ തുടർന്ന് പ്രസ്തുത സ്ഥലത്തെ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവയിൽ നിന്നും വിമുക്തമാക്കി. KSEB യിൽ നിന്നും ഏറ്റെടുത്ത 100.65 ഏക്കർ സ്ഥലത്തിന് മദ്ധ്യേ പോകുന്ന PWD റോഡ് കൺവെർട്ട് ചെയ്യാനും KSEB യുടെ ഇൻസ്റ്റലേഷൻസ് മാറ്റി സ്ഥാപിക്കാനും ഉള്ള അനുവാദവും പദ്ധതി ചെലവിന്റെ ഒരു ഭാഗവും വഹിക്കാനുള്ള സന്നദ്ധതയും സ്മാർട്ട് സിറ്റിയെ അറിയിക്കുകയുണ്ടായി.

സ്മാർട്ട്സിറ്റിയുമായി ഒപ്പുവച്ച പാട്ടക്കരാറുകൾ ഇന്ത്യൻ രജിസ്ട്രേഷൻ ആക്ട് പ്രകാരം അസാധുവായതിനാൽ പുതിയ പാട്ടക്കരാറുകൾ ഒപ്പുവെക്കേണ്ടതുണ്ട്. സ്മാർട്ട്സിറ്റി, ടീകോം പ്രതിനിധികൾ ഈ സന്ദർഭത്തിൽ ഫ്രെയിംവർക്ക് എഗ്രിമെന്റിൽ clause 5.4 സംബന്ധിച്ച് ചില വിശദീകരണം ഉന്നയിക്കുകയുണ്ടായി. സ്മാർട്ട് സിറ്റി ടീകോം പ്രതിനിധികൾ പഴയ പാട്ടക്കരാറിൽ ഇല്ലാതിരുന്ന ഫ്രെയിംവർക്ക് എഗ്രിമെന്റിൽ പറയുന്ന ഫ്രീഹോൾഡ് സംബന്ധിച്ച വ്യവസ്ഥ പുതിയ പാട്ടക്കരാറിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെടുകയുണ്ടായി. ഇക്കാര്യത്തിൽ സർക്കാർ ഫ്രെയിംവർക്ക് എഗ്രിമെന്റിൽ പറഞ്ഞിരിക്കുന്ന clause 5.4 മാനിക്കുമെന്ന് പലപ്രാവശ്യം ടീകോമിനെ അറിയിച്ചിട്ടും അവർക്ക് തൃപ്തികരമല്ലാത്തതുകൊണ്ട് ഇക്കാര്യം സർക്കാരുമായി ചർച്ച ചെയ്യുന്നതിനുവേണ്ടി

സ്മാർട്ട്സിറ്റി ടീകോമിനെ ക്ഷണിച്ചിട്ടുണ്ട്.
ഫ്രെയിംവർക്ക് എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ ഈ
പ്രോജക്ടുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും
സർക്കാർ ചർച്ച ചെയ്ത് പ്രോജക്ട് മുന്നോട്ട്
കൊണ്ടുപോകാൻ ശ്രമിക്കുകയാണ്.

ലെയ്സൺ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട | 22.06.2009 ൽ മറുപടിയ്ക്ക്

ചോദ്യം നം.: 16

## പറമ്പിക്കുളം-ആളിയാർ അന്തർ സംസ്ഥാന നദീജല കരാർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.സി.മൊയ്തീൻ<br>ശ്രീ.ബാബു എം.പാലിശ്ശേരി<br>ശ്രീ.എം.ചന്ദ്രൻ<br>ശ്രീ.മുരളി പെരുനെല്ലി<br>പ്രൊഫ.സി.രവീന്ദ്രനാഥ് | ശ്രീ. വി.എസ്.അച്ചുതാനന്ദൻ<br>(ബഹു: മുഖ്യമന്ത്രി) |
| എ) പറമ്പിക്കുളം-ആളിയാർ അന്തർ സംസ്ഥാന നദീജല കരാർ പുനരവലോകനം ചെയ്യുന്ന നടപടികളുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുമോ ; | എ) പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ പുനരവലോകനം സംബന്ധിച്ച് നാളിതുവരെ കേരളവും തമിഴ്നാടും തമ്മിൽ മുഖ്യമന്ത്രിതലത്തിലും, മന്ത്രിതലത്തിലും, ഔദ്യോഗിക തലത്തിലും നിരവധി അന്തർ സംസ്ഥാന ചർച്ചകൾ 1989 മുതൽ 2009 ഏപ്രിൽ വരെയുള്ള കാലയളവിൽ നടക്കുകയുണ്ടായി. ഈ ചർച്ചകളിലൊന്നും ഇരു സംസ്ഥാനങ്ങളും തമ്മിൽ കരാറിലെ വ്യവസ്ഥകൾ പുനരവലോകനം ചെയ്യുന്നതു സംബന്ധിച്ച് ഒരു അഭിപ്രായ സമന്വയത്തിലെത്തിചേരുവാൻ സാധിച്ചിട്ടില്ല. ഏറ്റവുമൊടുവിൽ 24.4.2009-ൽ ചെന്നൈയിൽ വച്ച് പറമ്പിക്കുളം ആളിയാർ പദ്ധതി കരാർ പുനരലോകനം ചെയ്യുന്നതിന്റെ ഭാഗമായി കേരളത്തിന്റെയും തമിഴ്നാടിന്റെയും ജലവിഭവ വകുപ്പ് - പൊതുമരാമത്ത് സെക്രട്ടറിമാർ തമ്മിൽ ഒരു ചർച്ച നടക്കുകയുണ്ടായി. |
| ബി) കരാർ പുനരവലോകനം സംബന്ധിച്ച് കേരളം മുമ്പോട്ടു വച്ചിട്ടുള്ള നിർദ്ദേശങ്ങൾ എന്തെല്ലാമാണ് ; | ബി) പറമ്പിക്കുളം-ആളിയാർ പദ്ധതികരാർ പുനരവലോകനം സംബന്ധിച്ച് 24.4.2009-ൽ ചെന്നൈയിൽ വച്ച് നടന്ന ചർച്ചയിൽ കേരളം താഴെ പറയുന്ന നിർദ്ദേശങ്ങൾ തമിഴ്നാടിന്റെ പരിഗണനയ്ക്കായി മുന്നോട്ടുവച്ചു.<br>(1) മണക്കടവ്;- നിലവിലുള്ള കേരളത്തിന്റെ വിഹിതമായ 7.25 Tmcft ജലം പാലക്കാട് ജില്ലയിലെ ചിറ്റൂർപ്പുഴ ആയക്കെട്ടിന് അപര്യാപ്തമാണെന്നും ആയതിനാൽ കേരളത്തിന്റെ വിഹിതം 4.75 Tmcft കണ്ട് കൂട്ടണമെന്നും (ആകെ 7.25+4.75=12 Tmcft) ആവശ്യപ്പെട്ടു. ഇത് അധിക ജലലഭ്യതയുടെയും കോരയാർ കനാൽ മൂലമുണ്ടാകുന്ന ജലനഷ്ടവും കണക്കിലെടുത്താണ്. |

(2) <u>കേരള ഷോളയാർ</u> ;- നിലവിലുള്ള ഷോളയാർ സബ്ബേസിനിലെ ജല ലഭ്യത കരാർ ഉണ്ടാക്കുമ്പോൾ പ്രതീക്ഷിച്ചിരുന്നതിനെക്കാൾ. വർദ്ധി ച്ചിട്ടുണ്ടെന്നും ആയത് ജോയിന്റ് ഗേജിംഗിലൂടെ തെളിഞ്ഞിട്ടുണ്ടെന്നും ആയതിനാൽ അധിക ജലലഭ്യത കേരളവുമായി അനുപാതികമായി പങ്കു വയ്ക്കണമെന്നും കേരളം ആവശ്യപ്പെട്ടു. കേരളത്തിന്റെ വിഹിതം 14.8 Tmcft ആയി പുനർ നിർണ്ണയിക്കണം. കുടാതെ ഫെബ്രുവരി 1-ലേയും സെപ്തംബർ 1-ലേയും FRL വ്യവസ്ഥ കരാർ അനുസരിച്ച് പാലിക്കണം.

(3) <u>പറമ്പിക്കുളം</u> ;- പറമ്പിക്കുളത്ത് നിലവിലുള്ള Threshold ആയ 16.5 Tmcft കൊണ്ട് കേരളത്തിന് പ്രയോജനമില്ലെന്നും, അത് താഴ്ത്തി 12.5 Tmcft ആക്കണമെന്ന് കേരളം ആവശ്യപ്പെട്ടു. കുടാതെ തമിഴ്നാട് 16.5-ൽ അധികമായി വർഷത്തിൽ ലഭിക്കുന്ന ജലം, 2.5 Tmcft കേരള ത്തിന്റെ ചിറ്റൂർപുഴ ആയാക്കട്ടിലെ തുടർ ആവശ്യങ്ങൾക്കായി പറമ്പിക്കുളം റിസർവോയറിൽ സംഭരി ക്കണമെന്നും ഇതിനു വേണ്ടിയാണ് പറമ്പിക്കുളം സംഭരണിയുടെ FRL ആദ്യം വിഭാവനം ചെയ്തതിൽ നിന്ന് ഉയർത്തി ഇപ്പോഴത്തെ FRL 1825 ft യിലേയ്ക്ക് നിർമ്മിച്ചത്. പറമ്പി ക്കുളത്തെ Threshold 14 Tmcft -യിൽ നിന്ന് 13 Tmcft (ലോവർ നീരാർ ഒഴിവാക്കിയശേഷം) ആയി കുറയ്ക്കാ മെന്ന തമിഴ്നാടിന്റെ വാഗ്ദാനം അധികജലം കിട്ടാനുള്ള സാധ്യത ഇപ്പോഴത്തേതിനേക്കാൾ മോശമാകു മെന്നതിനാൽ കേരളത്തിന് സ്വീകാര്യമല്ലെന്ന് അറിയിച്ചു.

(സി) ഇക്കാര്യത്തിൽ തമിഴ്നാടിന്റെ നിലപാട് എന്താണ് ; കേരളത്തിന്റെ താൽപ്പര്യം സംരക്ഷിച്ചു കൊണ്ടു കരാർ പുനരവലോകനം ചെയ്യുന്നതിന് ഊർജ്ജിത നടപടി സ്വീകരിക്കുമോ ?

(സി) മേൽപ്പറഞ്ഞ കേരളത്തിന്റെ നിർദ്ദേശങ്ങളിൻ മേൽ തമിഴ്നാടിന്റെ നിലപാട് താഴെപറയും പ്രകാരമാണ്.

(1) <u>ഷോളയാറിലെ ജലം പങ്കുവയ്ക്കുന്നത് സംബന്ധിച്ച്;</u>- ഷോളയാർ സബ്ബേസിനിലെ യഥാർത്ഥ ജല ലഭ്യത പ്രത്യേകമായി പരിഗണിച്ച് കേരളവുമായി പങ്ക് വയ്ക്കുന്നത് താഴെ പറയുന്ന കാരണങ്ങളാൽ സ്വീകാര്യമല്ലെന്ന് തമിഴ്നാട് അറിയിച്ചു.

ചാലക്കുടിബേസിനിലെയും ഷോളയാറിലെയും പറമ്പിക്കുളത്തിന്റെ ജലലഭ്യത ഒരുമിച്ച് കണക്കാക്കണമെന്നും അല്ലാതെ ഇവ പ്രത്യേകം കണക്കാക്കാൻ സാധിക്കുകയില്ല എന്ന് തമിഴ്നാട് ചൂണ്ടിക്കാട്ടി. ചാലക്കുടി ബേസിനിലെ ശരാശരി വാർഷിക ജല ലഭ്യത 17.4+10 = 27.4 Tmcft ആണെന്നും ഇത് 1.4 Tmcft പദ്ധതി വിഭാവന ചെയ്തപ്പോൾ കണക്കാക്കിയ ജല ലഭ്യതയെ (28.8 Tmcft)ക്കാൾ കുറവാണെന്നും, ആയതിനാൽ അധിക ജല ലഭ്യത പങ്കു വയ്ക്കാൻ ഇല്ലെന്നുമാണ് തമിഴ്നാടിന്റെ നിലപാട്.

ഇതിനുപുറമേ കേരള ഷോളയാറിൽ 12.3. Tmcft ജലം നിർബന്ധമായും തമിഴ്നാട് നൽകേണ്ടതാണെന്നും, എന്നാൽ പറമ്പിക്കുളത്ത് യഥാർത്ഥ ജലലഭ്യത കരാർ ഉണ്ടാക്കുന്ന സമയത്തിനേക്കാൾ കുറവാണെന്നും ആയതിനാൽ യഥാർത്ഥത്തിൽ തമിഴ്നാടിന് ലഭിക്കേണ്ട അളവ് ജലം ഇപ്പോൾ കിട്ടുന്നില്ല എന്നും ഇതുമൂലം തമിഴ്നാട് വികസിപ്പിച്ചെടുത്ത ആയകട്ട് പ്രദേശത്ത് വളരെ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നു എന്നും അവർ അറിയിച്ചു.

(2) <u>പറമ്പിക്കുളം സിസ്റ്റത്തിലെ പരിധി കുറയ്ക്കുന്നത് സംബന്ധിച്ച്</u> ;- പറമ്പിക്കുളത്തിലെ അധിക ജല ലഭ്യത (2.5 Tmcft ) ഉറപ്പാക്കാൻ വേണ്ടി Threshold പരിധി 14 Tmcft നിന്നും കുറയ്ക്കണമെന്ന് കേരളം ആവശ്യപ്പെട്ടു. എന്നാൽ ചാലക്കുടി ബേസിൻ ഒരുമിച്ചു കണക്കാക്കണമെന്നും അങ്ങനെ നോക്കുമ്പോൾ തമിഴ്നാടിന് പ്രതീക്ഷിച്ചതിനേക്കാൾ കുറവ് അളവാണ് ജലം ലഭിക്കുന്നതെന്നും ഇതിന് കാരണം എഗ്രിമെന്റ് ഒപ്പ് വയ്ക്കുമ്പോൾ പറമ്പിക്കുളത്തെ yield 14 Tmcft ആയി ആണ് കണക്കാക്കിയിരുന്നതെന്നും എന്നാൽ

ഇവിടെ നിന്നും 10 Tmcft മാത്രമേ ലഭിക്കുന്നുള്ളുഎന്നുമാണ് തമിഴ്നാട് അറിയിക്കുന്നത്. ഇതുമൂലം 14 Tmcft ജലലഭ്യത ഉദ്ദേശിച്ചുവികസിപ്പിച്ചെടുത്ത ആയകെട്ട് ഏരിയയിൽ വളരെ ബുദ്ധിമുട്ട് ഉണ്ടാകുന്നു എന്നും അവർ അറിയിച്ചു. ആയതിനാൽ Threshold ന്റെ പരിധി കുറയ്ക്കാനുള്ള സാധ്യത ഇല്ലെന്നും അവർ അറിയിച്ചു. എങ്കിലും പരസ്പര ധാരണ പരിഗണിച്ച് Threshold 14 Tmcft യിൽ നിന്നും 13 Tmcft ആയി പരിഗണിക്കാമെന്നാണ് തമിഴ്നാടിന്റെ നിലപാട്.

(3) <u>പറമ്പിക്കുളം റിസർവോയറിൽ നിന്നും അധികജലം സംഭരിക്കുന്നത് സംബന്ധിച്ച്</u>;- കേരളത്തിന്റെ ആവശ്യ പ്രകാരം അധികജലം സംഭരിച്ച് മണക്കടവ് വിയറിലൂടെ ലഭ്യമാക്കുക എന്നത് വളരെ പ്രയാസമുള്ള കാര്യമാണെന്നും, കാരണം അതിനു വേണ്ട സംഭരണശേഷി റിസർ വോയറിന് ഇല്ല എന്നതും അധിക ജലം ഉണ്ടാകുന്നത് മഴക്കാലത്ത് ആണ് എന്നതുമാണ് തമിഴ്നാട് അറയിച്ചത്. കൂടാതെ എല്ലാ Water accounts ഉം ജൂൺ മുതൽ മെയ് വരെ ആണ് കണക്കാക്കുന്നതതെന്നും ആയതിനാൽ അധികജലം അടുത്ത വർഷത്തേയ്ക്ക് നീക്കി വയ്ക്കുന്നത് സ്വീകാര്യമല്ലെന്ന് തമിഴ്നാട് അറിയിച്ചു. എന്നിരുന്നാലും നീരാർ- നല്ലാർ പദ്ധതിയ്ക്ക് അനുമതി നൽകിയാൽ മേൽ പറഞ്ഞ കാര്യം പരിഗണിക്കാമെന്ന് തമിഴ്നാട് അറിയിച്ചു.

(4) <u>മണക്കടവിലെ അധിക ജലം സംബന്ധിച്ച്</u> ;- മണക്കടവ് വിയറിൽ 4.75 Tmcft അധിക ജലം ലഭിക്കണമെന്ന് . കേരളത്തിന്റെ ആവശ്യം പരിഗണി ക്കാൻ സാധിക്കുകയില്ലെന്നും, എന്തെന്നാൽ പറമ്പിക്കുളം ആളിയാർ പദ്ധതിയിൽ നിന്നും മൊത്തമായി 28 Tmcft ജലം ലഭിക്കേണ്ട സ്ഥാനത്ത് തമിഴ്നാടിന് വെറും 22 Tmcft യെകിട്ടുന്നുള്ളു എന്നും എന്നാൽ കേരളത്തിന് ഉറപ്പായി 19.55 Tmcft ജലം എഗ്രിമെന്റിൽ പറഞ്ഞതുപോലെ കിട്ടുന്നു എന്നും തമിഴ്നാട് അറിയിച്ചു. കൂടാതെ സംഭരണ ശേഷി പരിമിതമായതിനാൽ അധികജലം സംഭരിക്കാൻ സാധിക്കില്ല എന്നും എങ്കിലും മണക്കടവിൽ ബാലൻസിംഗ് റിസർവോയർ അനുവദിക്കുക യാണെങ്കിൽ മണക്കടവിലെ 7.25 Tmcft ജലം എന്നത് ചെറിയ തോതിൽ ഉയർത്താമെന്ന്

തമിഴ്നാട് അറിയിച്ചു.

കേരളത്തിന്റെ താൽപ്പര്യം സംരക്ഷിച്ചു കൊണ്ട് തുടർ ചർച്ചകളിലൂടെ കരാർ പുനരവലോകനം ചെയ്യുവാൻ കേരളം ശ്രമിക്കുന്നതാണ്. 2.6.2009-ൽ നടന്ന അന്തർ സംസ്ഥാന ജല ഉപദേശക സമിതി യോഗത്തിൽ പറമ്പിക്കുളം ആളിയാർ പദ്ധതികരാർ പുനരവലോകനം ചെയ്യാനുള്ള മന്ത്രിതല ചർച്ച ഉടൻ ആരംഭിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 17　　　22.6.2009 - ൽ മറുപടിയ്ക്ക്

**പി.എസ്.സി. നിയമനങ്ങളിലെ സംവരണ രീതി**

| ചോദ്യം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് | ഉത്തരം<br>ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) പി.എസ്.സി. നിയമനങ്ങളിൽ ഇരുപതിന്റെ അനുപാതത്തിലുള്ള യൂണിറ്റുകൾ മുഖേന നിയമനം നടത്തുന്നതിനാൽ പിന്നോക്കവിഭാഗങ്ങൾക്ക് അവസരം നഷ്ടമാകുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ ഭാഗം രണ്ടിലെ 14 മുതൽ 17 വരെയുള്ള ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് കേരള പബ്ളിക് സർവീസ് കമ്മീഷൻ നിയമന ശുപാർശ നടത്തി വരുന്നത്. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 14(എ) പ്രകാരം ഇരുപത് യൂണിറ്റിന്റെ അടിസ്ഥാനത്തിലാണ് നിയമന ശുപാർശ നടത്തേണ്ടുന്നത്. നിലവിലുള്ള വ്യവസ്ഥ പ്രകാരം ഇരുപതിന്റെ യൂണിറ്റടിസ്ഥാനത്തിൽ നിയമനം നടത്തുമ്പോൾ പിന്നോക്ക വിഭാഗങ്ങൾക്ക് അവസരം നഷ്ടമാകുന്നുവെന്ന് സൂചിപ്പിച്ചു കൊണ്ട് ചില ഉദ്യോഗാർത്ഥികൾ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജികളും ടി ഹർജികളിൻമേലുള്ള ഹൈക്കോടതി വിധികളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഓരോ സമയത്തും റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകൾ ഇരുപതിൽ കൂടുതലാണെങ്കിൽ അവയെ ഒറ്റ യൂണിറ്റായി കണക്കാക്കി നിയമന ശുപാർശ നൽകണമെന്നുള്ള നിർദ്ദേശം ബഹു. ഹൈക്കോടതി 23.5.2008-ലെ 1697/07 നമ്പർ റിട്ട് അപ്പീലിൻമേലുള്ള വിധിന്യായത്തിലൂടെയും 11.11.2008-ലെ 28435/08, 26089/08, 25077/08, 16599/08, 24158/08 |

എന്നീ റിട്ട് ഹർജികളിൻമേലുളള വിധിന്യായത്തിലൂടെയും കേരള പബ്ളിക് സർവീസ് കമ്മീഷന് നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത ഹൈക്കോടതി വിധികൾക്കെതിരെ NSS ജനറൽ സെക്രട്ടറിയും കേരള പബ്ളിക് സർവീസ് കമ്മീഷനും സുപ്രീം കോടതിയിൽ അപ്പീൽ സമർപ്പിക്കുകയും ടി അപ്പീലുകളിൻമേൽ തീർപ്പു കൽപ്പിച്ചുകൊണ്ട് കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ നിലവിലുളള വ്യവസ്ഥകൾ പ്രകാരം നിയമന ശുപാർശ നടത്തുവാൻ ബഹു. സുപ്രീം കോടതി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| (ബി) 20-ന്റെ യൂണിറ്റായി നിയമനം നടത്തണമെന്ന നിർദ്ദേശം ഉൾപ്പെടുന്ന കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടം ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;<br>(സി) ഇതുസംബന്ധമായ പ്രശ്നങ്ങളും കോടതിവിധികളും ചർച്ച ചെയ്യുന്നതിന് സർവ്വകക്ഷിയോഗം ചേരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ? | (ബി) + (സി)<br>നിയമന ശുപാർശയ്ക്കായി കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ നിലവിലുളള വ്യവസ്ഥകൾ തുടരുവാൻ ബഹു. സുപ്രീം കോടതി ഉത്തരവായിട്ടുളള സാഹചര്യത്തിൽ നിലവിലുളള യൂണിറ്റ് സമ്പ്രദായത്തിൽ മാറ്റം വരുത്തുന്നതിനുളള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം 22.6.2009 - ൽ മറുപടിക്ക്

നമ്പർ: 18

## അഴിമതി സംബന്ധിച്ച് ലഭിക്കുന്ന തെളിവുകൾ പരിശോധിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കെ.സദാശിവൻ:<br>ശ്രീ.ബാബു എം.പാലിശ്ശേരി:<br>ശ്രീ.വി.ചെന്താമരാക്ഷൻ:<br>ശ്രീ.പി.ജയരാജൻ:<br>ശ്രീ.വി.ജെ.തങ്കപ്പൻ: | ശ്രീ.വി.എസ്.അച്ച്യുതാനന്ദൻ,<br>മുഖ്യമന്ത്രി. |
| (എ) സിവിൽ സർവ്വീസിലെ അഴിമതിക്കെതിരെ ജനങ്ങളുടെയും മാധ്യമങ്ങളുടേയും ജാഗ്രത പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ; | (എ) സിവിൽ സർവീസിലെ അഴിമതിക്കെതിരെ ജനങ്ങളുടെയും മാധ്യമങ്ങളുടേയും ജാഗ്രത പ്രോത്സാഹിപ്പിക്കാനായി വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ വിവിധ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. പൊതുജനങ്ങൾക്ക് സർക്കാർ ഉദ്യോഗസ്ഥരുടെ അഴിമതി സംബന്ധിച്ച വിവരങ്ങൾ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയെ അറിയിക്കാൻ എല്ലാ ഓഫീസുകളിലും ടെലിഫോൺ നമ്പരുകൾ രേഖപ്പെടുത്തിയ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. സർക്കാർ ഉദ്യോഗസ്ഥരുടെ അഴിമതി സംബന്ധിച്ച് പൊതുജനങ്ങക്ക് യഥാസമയം വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയെ അറിയിക്കാൻ ആസ്ഥാനത്തും നാല് മേഖലാ ഓഫീസുകളിലും പ്രത്യേക ടെലിഫോൺ സംവിധാനവും |

ഏർപ്പെടുത്തിയിട്ടുണ്ട്. ഈ -മെയിൽ വഴി പരാതി നൽകുന്നതിനുള്ള സംവിധാനം വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയുടെ വെബ് സൈറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വിവരങ്ങൾ മാധ്യമങ്ങളിലൂടെ പ്രസിദ്ധപ്പെടുത്തിയിട്ടുമുണ്ട്.

(ബി) അഴിമതി സംബന്ധിച്ച വ്യക്തമായ തെളിവുകൾ നൽകിയ ഏതെല്ലാം കേസുകളിൽ ആർക്കെല്ലാം ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാരിതോഷികങ്ങൾ നൽകിയിട്ടുണ്ട്;

(സി) സിവിൽ സർവ്വീസിലെ അഴിമതി കണ്ടുപിടിക്കുന്നവർക്ക് കാഷ് അവാർഡ് പ്രഖ്യാപിച്ചതനുശേഷം അഴിമതി സംബന്ധിച്ച തെളിവുകളോടു കൂടിയ എത്ര അപേക്ഷകൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്;

<u>(ബി)യും (സി) യും</u>

അഴിമതി സംബന്ധിച്ച തെളിവുകളോടുകൂടിയ ഒരപേക്ഷയും സർക്കാരിന് ലഭിച്ചിട്ടില്ല.

(ഡി) അഴിമതി സംബന്ധിച്ച് ലഭിക്കുന്ന തെളിവുകൾ സമഗ്രമായി പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

(ഡി) അഴിമതി സംബന്ധിച്ച് ലഭിക്കുന്ന തെളിവുകൾ സമഗ്രമായി പരിശോധിക്കുന്നുണ്ട്.

സെക്ഷൻ ആഫീസർ

---

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 19

22.6.2009 ൽ
മറുപടിയ്ക്ക്

## കൊച്ചി ഇൻഫോ പാർക്കിന്റെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങൾ

**ചോദ്യം**

ശ്രീ. വി. സുരേന്ദ്രൻ പിള്ള ;

എ) കൊച്ചി ഇൻഫോ പാർക്കിന്റെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണ് ; വിശദാംശം നൽകാമോ ;

ബി) ഇതിന്റെ ഭാഗമായി വിവിധ ജില്ലകളിൽ ഐ.ടി. പാർക്കുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

സി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ?

**ഉത്തരം**

ശ്രീ. വി.എസ്. അച്യുതാനന്ദൻ
(മുഖ്യമന്ത്രി)

(എ), (ബി) ആന്റ് (സി)

കൊച്ചി ഇൻഫോപാർക്കിന്റെ രണ്ടാംഘട്ട വികസനത്തിനായി പുത്തൻകുരിശ്, കുന്നത്തുനാട് താലൂക്കുകളിൽപ്പെട്ട ഏകദേശം 160 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. അതിന്റെ ഭാഗമായി സ്ഥലവില നിർണ്ണയം പൂർത്തിയാക്കിയിട്ടുണ്ട്. വസ്തു ഉടമസ്ഥരിൽ നിന്ന് ഇപ്പോൾ സമ്മതപത്രം ഏറ്റുവാങ്ങിക്കൊണ്ടിരിക്കുന്നു. 5.5 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണത്തിൽ പുതിയ ഐ.ടി. മന്ദിരത്തിന്റെ നിർമ്മാണം ആരംഭിച്ചു കഴിഞ്ഞു. സ്ഥലത്തിന്റെ ഉപയോഗത്തെപ്പറ്റി വിവിധ ഐ.ടി. കമ്പനികളുമായി ചർച്ചകൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

ഇൻഫോപാർക്ക് കേരളയുടെ ശാഖകളായി ചേർത്തല, അമ്പലപ്പുഴ, കൊരട്ടി എന്നീ സ്ഥലങ്ങളിൽ പുതിയ മൂന്ന് പാർക്കുകൾ സ്ഥാപിക്കുവാൻ വേണ്ടി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊണ്ടിരിക്കുകയാണ്.

1) ഇൻഫോപാർക്ക് അമ്പലപ്പുഴ - പുറക്കാട് വില്ലേജിൽ, വനം വകുപ്പിന്റെ സ്മൃതിവനത്തിൽപ്പെട്ടിരുന്ന 81 ഏക്കർ സ്ഥലം ഐ.ടി. വകുപ്പിന് കൈമാറ്റം ചെയ്തിട്ടുണ്ട്. ഇതിനുപുറമെ 19 ഏക്കർ സ്ഥലം അക്വയർ ചെയ്യാനുള്ള നടപടികൾ പുരോഗമിക്കുന്നു. അങ്ങനെ മൊത്തം 100 ഏക്കർ സ്ഥലത്താണ് ഇൻഫോപാർക്ക് അമ്പലപ്പുഴ സ്ഥാപിക്കുന്നത്. ഇതിന്റെ തറക്കല്ലിടൽ 15.2.2009 ൽ നിർവഹിക്കുകയുണ്ടായി. 33 ഏക്കർ സ്ഥലം SEZ ആയി നോട്ടിഫൈ ചെയ്യാനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. 2 ലക്ഷം ചതുരശ്ര അടി ഐ.ടി. മന്ദിരം ഇവിടെ ഇൻഫോപാർക്ക് നിർമ്മിക്കുന്നതാണ്. കൂടാതെ Backwater Tourism, residential apartments, convention centers, shopping

centre, educational institution, training centers തുടങ്ങിയ സ്ഥാപനങ്ങൾ ഇവിടെ ഉണ്ടായിരിക്കും. അടിസ്ഥാന സൗകര്യങ്ങൾ ഏകദേശം ഒരു വർഷത്തിനുള്ളിലും പുതിയ ഐ.ടി. മന്ദിരം രണ്ട് വർഷത്തിനുള്ളിലും സജ്ജമാക്കുന്നതാണ്.

2) ഇൻഫോപാർക്ക് ചേർത്തല – 66 ഏക്കർ സ്ഥലം കെ.എസ്.ഐ.ഡി.സി ൽ നിന്ന് ഏറ്റെടുത്താണ് പാർക്ക് സ്ഥാപിക്കുന്നത്. അതിൽ 60 ഏക്കർ സ്ഥലത്തിന് സെസ് പദവിക്കുള്ള അനുമതി ലഭിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. 2 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണത്തിൽ ഒരു ഐ.ടി. മന്ദിരം നിർമ്മിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ഇൻഫോപാർക്ക് ചേർത്തലയുടെ ശിലാസ്ഥാപനം 22.2.2009 ൽ നടക്കുകയുണ്ടായി.

3) ഇൻഫോപാർക്ക് തൃശൂർ – മുകുന്ദപുരം താലൂക്കിൽപ്പെട്ട കൊരട്ടിയിൽ വൈഗാ ട്രസ്റ്റിന്റെ കൈവശം ഉണ്ടായിരുന്ന റവന്യൂ വകുപ്പിന്റെ വസ്തുവിൽ നിന്ന് 30 ഏക്കർ സ്ഥലം ലഭിച്ചിട്ടുണ്ട്. ഇതിൽ നിലവിലുള്ള കെട്ടിടങ്ങൾ സമുദ്ധരിച്ച് ഐ.ടി. മന്ദിരങ്ങളാക്കി മാറ്റുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. ജലം, വൈദ്യുതി എന്നിവ എത്തിക്കുന്നതിനുള്ള നടപടികളും എടുത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

# കേരള സർക്കാർ
## പന്ത്രണ്ടാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ *20
22.06.2009 ലെ മറുപടിയ്ക്ക്

**നികുതി വരുമാനം കുറയുന്നത് പരിഹരിക്കാൻ പ്രത്യേക പാക്കേജ്**

ചോദ്യം:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

മറുപടി:
ബഹു. മുഖ്യ മന്ത്രി
ശ്രീ. വി.എസ്.അച്യുതാനന്ദൻ

| | ചോദ്യം | മറുപടി |
|---|---|---|
| എ | സാമ്പത്തിക മാന്ദ്യം മൂലം സംസ്ഥാനത്തിൻെറ നികുതി വരുമാനം കുറയുന്നത് പരിഹരിക്കാൻ പ്രത്യേക പാക്കേജ് നടപ്പാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; | സാമ്പത്തിക മാന്ദ്യം മൂലം കേന്ദ്ര നികുതികളുടെ സംസ്ഥാന വിഹിതത്തിലുണ്ടാകുന്ന കുറവ് പരിഹരിക്കാൻ പ്രത്യേക പാക്കേജ് നടപ്പിലാക്കണമെന്നും സംസ്ഥാന നികുതി വരുമാനത്തിൻെറ കുറവ് പരിഹരിക്കാൻ അധിക കടമെടുപ്പിന് അനുവദിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| ബി | കേന്ദ്ര ഗവൺമെന്റിൽ നിന്നും സംസ്ഥാനമെടുത്തിട്ടുള്ള വായ്പയുടെ പലിശ കുറയ്ക്കണമെന്ന് കേരള ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് ലഭിച്ച മറുപടിയെന്തെന്ന് വ്യക്തമാക്കുമോ? | 12 – ാം ധനകാര്യ കമ്മീഷന്റെ ശുപാർശകളനുസരിച്ച് കേന്ദ്ര ഗവൺമെന്റിൽ നിന്നും 31-03-2004 വരെ സംസ്ഥാനമെടുത്തിട്ടുള്ള വായ്പകൾ കൺസോളിഡേറ്റ് ചെയ്തു പലിശ 7.5 ശതമാനമായി പുനർനിർണ്ണയം ചെയ്തു കഴിഞ്ഞ സാഹചര്യത്തിൽ ഇത്തരമൊരു ആവശ്യം ഇപ്പോൾ പ്രസക്തമല്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 21 — 22.6.2009 ൽ മറുപടിയ്ക്ക്

## ആഗോള സാമ്പത്തിക പ്രതിസന്ധിയും ഐ.ടി. മേഖലയും

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ആനത്തലവട്ടം ആനന്ദൻ ;<br>ശ്രീ. സി.എം. ദിനേശ് മണി ;<br>ശ്രീ. മഞ്ഞളാംകുഴി അലി ;<br>ശ്രീ. എ. പ്രദീപ് കുമാർ ;<br>ശ്രീ. വി. ശിവൻകുട്ടി ; | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| എ) ആഗോള സാമ്പത്തിക പ്രതിസന്ധി സംസ്ഥാനത്തെ ഐ.ടി. മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | എ) ബാധിച്ചിട്ടുണ്ട്. പുതിയ പ്രോജക്ടുകളുടെ ലഭ്യത, പുതിയ നിയമനങ്ങൾ മറ്റ് വികസന പ്രവർത്തനങ്ങൾ എന്നിവയെ മാന്ദ്യം ബാധിച്ചിട്ടുണ്ട്. |
| ബി) ഐ.ടി. മേഖലയെ സംരക്ഷിക്കുന്നതിനായി ഐ.ടി. പാർക്കുകളിലെ സ്ഥാപനങ്ങൾക്ക് എന്തെല്ലാം ഇളവുകളാണ് നൽകുന്നത് ; | ബി) സർക്കാർ ഐ.ടി. പാർക്കുകളിൽ പ്രവർത്തിക്കുന്ന ഐ.ടി. കമ്പനികളുടെ 2009-10 സാമ്പത്തിക വർഷത്തിലെ വാടകയുടെ 50ശതമാനം, 2010-11 സാമ്പത്തിക വർഷത്തിലേക്ക് defer ചെയ്തുകൊണ്ടുള്ള ഉത്തരവിറക്കിയിട്ടുണ്ട്. |
| സി) സാമ്പത്തിക പ്രതിസന്ധി മൂലം ഐ.ടി. മേഖലയിൽ എത്ര പേർക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട് ; | സി) സംസ്ഥാനത്തെ ഐ.ടി. മേഖലയിൽ സാമ്പത്തിക പ്രതിസന്ധി മൂലം തൊഴിൽ നഷ്ടം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രവർത്തനമികവും കാര്യക്ഷമതയും അടിസ്ഥാനമാക്കി കാലാകാലങ്ങളിൽ നടത്തുന്ന മൂല്യനിർണ്ണയത്തിന്റെ (periodical performance appraisal) ഭാഗമായുള്ള പിരിച്ചുവിടലുകൾ, ആനുകൂല്യങ്ങളിലുള്ള നിയന്ത്രണങ്ങൾ എന്നിവ ഐ.ടി. മേഖലയിൽ സാധാരണമാണ്. എന്നാൽ ഈ മേഖലയിൽ തൊഴിൽ നഷ്ടപ്പെടുന്നവർക്ക് മറ്റ് കമ്പനികളിൽ തൊഴിൽ ലഭിക്കുന്നതായും കണ്ടുവരുന്നുണ്ട്. |
| ഡി) കൂടുതൽ ഐ.ടി. സ്ഥാപനങ്ങളെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | ഡി) കേരളത്തിലുള്ള എല്ലാ ഐ.ടി. പാർക്കുകളുടെയും ഏകീകൃതമായ ഒരു ബ്രാൻഡ് നെയിം ആയ Kerala IT ആവിഷ്കരിക്കുകയും വെബ്സൈറ്റിൽ ഇതിന്റെ പൂർണ്ണ വിശദാംശങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ ഐ.ടി. മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി രാജ്യത്തിനകത്തും പുറത്തുമുള്ള ഐ.ടി. സ്ഥാപനങ്ങളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനു വേണ്ടിയുള്ള ചർച്ചകൾ, പരസ്യങ്ങൾ, |

പ്രദർശനങ്ങൾ മുതലായവ നടത്തിക്കൊണ്ടിരിക്കുന്നു. വർഷംതോറും ജർമ്മനിയിൽ നടക്കുന്ന **CEBIT**, ദുബായിൽ നടക്കുന്ന **GITEX** എന്നീ ഐ.ടി. പ്രദർശന മേളകളിൽ കേരളവും സ്ഥിരമായി പങ്കെടുത്തു വരുന്നുണ്ട്. ഈ പ്രദർശന മേളകളിലെ പങ്കാളിത്തം രാജ്യാന്തര ഐ.ടി. സംരംഭകരുമായി കേരളത്തിലെ ഐ.ടി. മേഖലയിലെ വികസന സാദ്ധ്യതകൾ ചർച്ച ചെയ്യുവാനും അവരെ കേരളത്തിലേക്ക് ക്ഷണിക്കുവാനും സഹായകരമായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 22

22.6.2009 ൽ
മറുപടിയ്ക്ക്

## 'സ്മാർട്ട് സിറ്റിയുടെ സെസ്സ് ' പദവി

| ചോദ്യം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ;<br>ശ്രീ. ജി. കാർത്തികേയൻ ; | | ഉത്തരം<br>ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
|---|---|---|
| എ) സ്മാർട്ട് സിറ്റിയുടെ സെസ്സ് പദവി സംബന്ധിച്ച് ഇപ്പോഴത്തെ അവസ്ഥ എന്താണ് ; | എ) | സ്മാർട്ട്സിറ്റിക്ക് 132 ഏക്കർ ഭൂമിക്ക് പ്രത്യേക സാമ്പത്തിക മേഖലാ അനുമതി ലഭിച്ചിട്ടുണ്ട്. |
| ബി) എത്ര ഏക്കർ സ്ഥലത്തിനാണ് സെസ്സ് ആപ്ലിക്കേഷൻ കൊടുത്തത് ; | ബി) | 246 ഏക്കർ. |
| സി) സ്മാർട്ട് സിറ്റി കരാർ പ്രകാരം എത്ര ഏക്കർ സ്ഥലത്തിനാണ് സെസ്സ് പദവി വേണ്ടത് ; | സി) | വിസ്തീർണ്ണം വ്യക്തമാക്കിയിട്ടില്ല. ഫ്രെയിംവർക്ക് എഗ്രിമെന്റ് പ്രകാരം സ്മാർട്ട്സിറ്റി ഡെവലപ് ചെയ്യുന്ന 'site' ലെ സെസ്സ് നോട്ടിഫിക്കേഷൻ വാങ്ങിക്കുവാൻ എല്ലാ സഹായങ്ങളും നൽകാൻ സർക്കാർ ബാദ്ധ്യസ്ഥമാണ്. |
| ഡി) സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ള സെസ്സ് നയം സ്മാർട്ട് സിറ്റിക്ക് ബാധകമാണോ ; | | (ഡി) യും (ഇ) യും |
| ഇ) ഇതിനായി നിലവിലുള്ള സർക്കാർ നയത്തിൽ എന്തെങ്കിലും ഇളവുകൾ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | | 13.5.2007 ൽ കേരള സർക്കാരും TECOM Investments FZ LLC യുമായി ഒപ്പുവച്ച ഫ്രെയിംവർക്ക് എഗ്രിമെന്റിൽ പറയുന്ന വ്യവസ്ഥകളും നിബന്ധനകളുമാണ് സ്മാർട്ട്സിറ്റി കൊച്ചിക്ക് ബാധകമായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ - പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 23** | **22.6.2009 ൽ മറുപടിയ്ക്ക്**

# പദ്ധതി ആസൂത്രണവും നിർവ്വഹണവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ശശികുമാർ<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീ.വി.ജെ.തങ്കപ്പൻ<br>കെ.ടി.ജലീൽ<br>എം.പ്രകാശൻ മാസ്റ്റർ | ശ്രീ.വി.എസ്.അച്യുതാനന്ദൻ (മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ പദ്ധതി ആസൂത്രണവും നിർവ്വഹണവും മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാന ആസൂത്രണ ബോർഡ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ) മുഖ്യമന്ത്രി അദ്ധ്യക്ഷത വഹിക്കുന്ന ആസൂത്രണ ബോർഡ് യോഗങ്ങളിലും , പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ വിളിച്ചു ചേർക്കുന്ന ഗവൺമെന്റ് സെക്രട്ടറിമാരുടെയും വകുപ്പ് തലവൻമാരുടെയും യോഗങ്ങളിലും പദ്ധതി നടത്തിപ്പ് പുരോഗതിയും പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും ചർച്ച ചെയ്യുകയും, അപ്രകാരം കണ്ടെത്തുന്ന പോരായ്മകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ നിർദ്ദേശിക്കുകയും ചെയ്യാറുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായും ഫലപ്രദമായും പൂർത്തീകരിക്കുന്നതുറപ്പു വരുത്തുന്നതിന്റെ ഭാഗമായി ആസൂത്രണ ബോർഡിന്റെ നേതൃത്വത്തിൽ ഒരു 'പദ്ധതി മോണിട്ടറിംഗ് സംവിധാനം' ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതി പ്രോജക്ടുകളുടെ ഗുണ നിലവാരം മെച്ചപ്പെടുത്തുന്നതിനായി വിവിധ മേഖലകളിലെ വിദഗ്ദ്ധരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനുതകുന്ന ഒരു പ്രോജക്ട് കൺസൽട്ടൻസി സംവിധാനവും ആസൂത്രണ ബോർഡിന്റെ നേതൃത്വത്തിൽ ആവിഷ്കരിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. |

---

(ബി) വാർഷിക പദ്ധതി നടപ്പാക്കുന്നതിൽ തദ്ദേശസ്ഥാപനങ്ങളും സർക്കാർ വകുപ്പുകളും നേരിടുന്ന ബുദ്ധിമുട്ടുകൾ യഥാസമയം പരിഹരിക്കുന്നതിന് ആസൂത്രണ ബോർഡ് സ്വീകരിച്ചിട്ടുള്ള സംവിധാനം എന്താണ് ;

(ബി) പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ വിളിച്ചുചേർക്കുന്ന ഗവൺമെന്റ് സെക്രട്ടറിമാരുടെയും വകുപ്പ് തലവൻമാരുടെയും യോഗങ്ങളിൽ വാർഷിക പദ്ധതി നടപ്പാക്കുന്നതിൽ സർക്കാർ വകുപ്പുകൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ചർച്ച ചെയ്യുകയും പോരായ്മകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ നിർദ്ദേശിക്കുകയും ചെയ്തു വരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി ജില്ലാ ആസൂത്രണ സമിതികളുടെ പ്രവർത്തനം മെച്ചപ്പെടുത്തിയിട്ടുണ്ട്. ജില്ലാ ആസൂത്രണ സമിതിയെ സഹായിക്കാൻ ഒരു പദ്ധതി ആസൂത്രണ സഹായ ഗ്രൂപ്പും വിവിധ വികസന മേഖലകൾക്ക് റിസോഴ്സ് ഗ്രൂപ്പുകളും രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 11ാം പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പരിപാടികൾക്ക് ഇപ്പോൾ നേതൃത്വം കൊടുക്കുന്നത് തദ്ദേശസ്വയംഭരണ വകുപ്പാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ പ്രസ്തുത വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്.

(സി) ജനകീയാസൂത്രണം ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

(സി) ജനകീയാസൂത്രണം സംബന്ധിച്ച പരിപാടികൾക്ക് നേതൃത്വം നൽകുന്നത് ഇപ്പോൾ തദ്ദേശസ്വയംഭരണ വകുപ്പാണ്. പ്രോജക്റ്റുകൾ തയ്യാറാക്കുന്നതിനുള്ള ഫോറങ്ങൾ കൂടുതൽ സുതാര്യമാക്കുകയും പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി തയ്യാറാക്കൽ, പരിശോധന, അംഗീകാരം എന്നീ നടപടികൾ പൂർണ്ണമായും കമ്പ്യൂട്ടർവത്കരിച്ചു. ഇങ്ങനെ കമ്പ്യൂട്ടർ വഴി തയ്യാറാക്കുന്ന പ്രോജക്റ്റുകൾ ഓൺലൈനായി സാങ്കേതിക സമിതികൾക്കും ജില്ലാ ആസൂത്രണ സമിതികൾക്കും നൽകുന്നു. 2008-09 വാർഷിക പദ്ധതി മുതലുള്ള 11ാം പദ്ധതി മൂന്ന് ഘട്ടങ്ങളിലായാണ് തയ്യാറാക്കി വരുന്നത്. തന്മൂലം പദ്ധതികൾ സമയബന്ധിതമായി ആരംഭിക്കുന്നതിനും നിർവ്വഹണത്തിന് കൂടുതൽ സമയം ലഭ്യമാക്കുവാനും സാധിക്കുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട<br>ചോദ്യം നമ്പർ 24. | 22/06/2009 - ൽ<br>മറുപടിക്ക് |

**ദരിദ്രജനവിഭാഗങ്ങൾക്ക് രണ്ട് രൂപയ്ക്ക് അരിയും ഗോതമ്പും വിതരണം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി കെ.കെ. ലതിക :<br>ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :<br>ശ്രീ. ബി. രാഘവൻ :<br>ശ്രീ. കെ.സി. കുഞ്ഞിരാമൻ : | | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി) |
| എ) ദരിദ്രജനവിഭാഗങ്ങൾക്ക് രണ്ട് രൂപയ്ക്ക് അരിയും ഗോതമ്പും വിതരണം ചെയ്യുന്ന പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ; | (എ) | ബി.പി.എൽ., എ.എ.വൈ., എ.പി.എൽ. വിഭാഗത്തിൽപ്പെട്ട എസ്.സി/എസ്.റ്റി, മത്സ്യത്തൊഴിലാളികൾ, ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളവർ എന്നിവർക്ക്, അർഹതപ്പെട്ട പ്രതിമാസ റേഷൻ വിഹിതം കിലോഗ്രാമിന് രണ്ട് രൂപ നിരക്കിൽ വിതരണം നടത്തുന്ന പദ്ധതിയാണിത്. |
| ബി) പദ്ധതിയുടെ പ്രയോജനം എത്ര പേർക്ക് ലഭിക്കും എന്ന് വിശദമാക്കുമോ ; | (ബി) | ബി.പി.എൽ., എ.എ.വൈ., കുടുംബങ്ങൾ എ.പി.എൽ. വിഭാഗത്തിൽപ്പെട്ട എസ്.സി/ എസ്.റ്റി., മത്സ്യത്തൊഴിലാളികൾ, ആശ്രയ പദ്ധതിയിൽപ്പെട്ടവർ ഉൾപ്പെടെ ഏകദേശം 25, 78, 637 കാർഡുടമകൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കും. |
| സി) പദ്ധതി നടപ്പാക്കുന്നതിന് എത്ര കോടി രൂപയുടെ അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകും എന്ന് വ്യക്തമാക്കാമോ ; | (സി) | പ്രതിമാസം ഏകദേശം 19 കോടി രൂപ എന്ന കണക്കിൽ ഒരു വർഷം 228 കോടി രൂപ പദ്ധതി നടത്തിപ്പിനായി വേണ്ടി വരും എന്ന് കണക്കാക്കുന്നു. |
| ഡി) പദ്ധതി മുടക്കമില്ലാതെ നടപ്പാക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ എന്ന് വിശദമാക്കുമോ ? | (ഡി) | പദ്ധതി മുടക്കമില്ലാതെ നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

12-ാം കേരള നിയമസഭ

11-ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ : 25 22.6.2009-ൽ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി. യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി**

**ചോദ്യം** **ഉത്തരം**

ശ്രീ. കെ.കെ. ദിവാകരൻ
ശ്രീ.എം.ഹംസ
ശ്രീ. ആർ.സെൽവരാജ്

ശ്രീ. വി.എസ് അച്യുതാനന്ദൻ
മുഖ്യമന്ത്രി/

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ | (എ) | അനുബന്ധം 1 ആയി കൊടുത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | ഈ സർക്കാർ വന്ന ശേഷം എത്ര പുതിയ ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ട്; ഈ വർഷം എത്ര ബസ്സുകൾ കൂടി നിരത്തിലിറക്കും; | (ബി) | 31.05,2009 വരെ 1594 ബസ്സുകൾ പുറത്തിറക്കിയിട്ടുണ്ട്. 439 ബസ്സുകൾ കൂടി നിരത്തിലിറക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (സി) | കോർപ്പറേഷന്റെ സ്വന്തം വർക്ക്ഷോപ്പുകളിൽ ബോഡി നിർമ്മാണം നടത്തിയതിന്റെ ഫലമായി കൈവരിക്കാനായ നേട്ടം വ്യക്തമാക്കുമോ; | (സി) | അനുബന്ധം 2 ആയി കൊടുത്തിരിക്കുന്നു. |
| (ഡി) | ദീർഘദൂര-അന്തർ സംസ്ഥാന യാത്രാ സംവിധാനം കാര്യക്ഷമവും സുരക്ഷിതവുമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ഡി) | അനുബന്ധം 3 ആയി കൊടുത്തിരിക്കുന്നു. |
| (ഇ) | കോർപ്പറേഷന്റെ ഇപ്പോഴത്തെ സാമ്പത്തിക നില വ്യക്തമാക്കുമോ? | (ഇ ) | അനുബന്ധം 4 ആയി കൊടുത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധങ്ങൾ ലൈബ്രറിയിൽ ലഭ്യമാണ്.

## പന്ത്രണ്ടാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ:26. 22..6..2009-ൽ മറുപടിക്ക്

### "ക്ഷീരകർഷക ക്ഷേമനിധി"

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് എം.എൽ.എ.:<br>ശ്രീ. ബി.ഡി. ദേവസ്സി എം.എൽ.എ.:<br>ശ്രീ. കെ.വി. കുഞ്ഞിരാമൻ എം.എൽ.എ.:<br>ശ്രീ. കെ.സി. രാജഗോപാലൻ എം.എൽ.എ.: | ശ്രീ. സി. ദിവാകരൻ<br>ഭക്ഷ്യ-സിവിൽ സപ്ലൈസ്,<br>മൃഗസംരക്ഷണ വകുപ്പ് മന്ത്രി |
| (എ) ക്ഷീരകർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ: എങ്കിൽ വിശദമാക്കുമോ: | (എ) ഉണ്ട്. ക്ഷീരമേഖലയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് സാമൂഹ്യ സാമ്പത്തിക ഉന്നമനം ഉറപ്പാക്കുക, നിലവിലുള്ള കർഷകരെ ഈ മേഖലയിൽ നിലനിറുത്തുകയും കൂടുതൽ കർഷകരെ ഈ മേഖലയിലേയ്ക്ക് ആകർഷിച്ചുകൊണ്ടും പാൽ ഉല്പാദന രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുകയെന്ന ലക്ഷ്യത്തോടെയാണ് മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായി ക്ഷീരകർഷക ക്ഷേമനിധി ബോർഡ് രൂപീകരിച്ചിട്ടുള്ളത്. പ്രാഥമിക ക്ഷീരസംഘത്തിൽ പാലളക്കുന്ന ഓരോ ക്ഷീര കർഷകനും പ്രതിമാസം 20 രൂപയും, ഓരോ സംഘവും സംഭരിച്ച് പ്രാദേശിക വിപണനം നടത്തുന്ന ഓരോ ലിറ്റർ പാലിനും 12 പൈസയും സംഘം മിൽമയ്ക്കോ മേഖലാ യൂണിയനോ നൽകുന്ന ഓരോ ലിറ്റർ പാലിനും 5 പൈസയും, മിൽമയോ മേഖലാ യൂണിയനോ വിൽപ്പന നടത്തുന്ന ഓരോ ലിറ്റർ പാലിനും 12 പൈസയും, ക്ഷേമനിധി അംശാദായ ഇനത്തിൽ ഈടാക്കുന്ന തുകയാണ് ക്ഷേമനിധി ബോർഡിന്റെ പ്രധാന വരുമാന സ്രോതസ്സ്. കൂടാതെ, 2008-2009 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ക്ഷേമനിധി പ്രവർത്തനങ്ങൾക്കായി 2 കോടി രൂപയും, ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി 25 ലക്ഷം രൂപയും സർക്കാർ വിഹിതമായി ക്ഷേമനിധി ബോർഡിന് നൽകുകയുണ്ടായി. നാളിതുവരെ ക്ഷേമനിധി ബോർഡിന് അംശാദായമായും സർക്കാർ സഹായമായും 33.17 കോടി രൂപ വരുമാനമായി ലഭിച്ചിട്ടുണ്ട്. |

| | |
|---|---|
| (ബി) എല്ലാ ക്ഷീരകർഷകരേയും ക്ഷേമനിധിയുടെ പരിധിയിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ടോ; | (ബി) ഇല്ല. എന്നാൽ പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങളിൽ ഒരു വർഷം 500 ലിറ്റർ പാലളന്നിട്ടുള്ള 1,86,763 ക്ഷീരകർഷകരെ ഇതിനകം ക്ഷേമനിധിയുടെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. |
| (സി) ക്ഷേമനിധിയിൽ നിന്നുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (സി) ക്ഷേമനിധി നിയമ പ്രകാരം ക്ഷീരസഹകരണ സംഘങ്ങളിൽ ഒരു വർഷം 500 ലിറ്റർ പാലളന്നിട്ടുള്ള, സംഘത്തിൽ അംഗമായതും അംഗമല്ലാത്തതുമായ 1,86,763 ക്ഷീരകർഷകരെ ഇതിനകം ക്ഷേമനിധിയിൽ അംഗങ്ങളാക്കിയിട്ടുണ്ട്. 60 വയസ്സ് പൂർത്തിയായവരും നിയമാനുസൃതം നിശ്ചിത തോതിൽ പാലളക്കുകയും അർഹതയുള്ളവരുമായ 23,535 ക്ഷീരകർഷകർക്ക് പ്രതിമാസം 250/- രൂപ നിരക്കിൽ പെൻഷൻ നൽകി വരുന്നുണ്ട്. കൂടാതെ പെൻഷൻ ലഭിച്ചുകൊണ്ടിരിക്കെ മരണപ്പെട്ട 833 അംഗങ്ങളുടെ നോമിനികൾക്ക് പ്രതിമാസം 125/- രൂപ നിരക്കിൽ കുടുംബ പെൻഷനും നൽകി വരുന്നുണ്ട്. പെൻഷനു പുറമെ ക്ഷേമനിധി അംഗങ്ങളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായമായി 1000 രൂപയും, കുട്ടികളുടെ വിദ്യാഭ്യാസത്തിനായി 10, 11, 12 എന്നീ ക്ലാസ്സുകളിലും, ഡിഗ്രി, പ്രൊഫഷണൽ ഡിഗ്രി എന്നീ തലത്തിലും യഥാക്രമം 1,000/- രൂപ 1,500/- രൂപ, 2,000/- രൂപ 2,500/- രൂപ എന്ന നിരക്കിൽ ധനസഹായം നൽകുന്നുണ്ട്. കൂടാതെ ജില്ലയിലെ ഏറ്റവും കൂടുതൽ പാലളക്കുന്ന കർഷകന് 2,000/- രൂപ കാഷ് അവാർഡും പ്രശസ്തി പത്രവും നൽകുന്നുണ്ട്. ക്ഷേമനിധിയിലെ എല്ലാ അംഗങ്ങൾക്കും സൗജന്യ നിരക്കിൽ 'ക്ഷീരക്ഷേമ' എന്ന പദ്ധതി പ്രകാരം ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നുണ്ട്. ഈ പദ്ധതിക്കു വേണ്ടി ഒരു വർഷക്കാലത്തേക്കുള്ള പ്രീമിയം തുകയായ 35 രൂപ ക്ഷേമനിധി ബോർഡാണ് വഹിക്കുന്നത്.<br><br>ഇപ്പോൾ നൽകിവരുന്ന പ്രതിമാസ പെൻഷൻ 250/- രൂപയിൽ നിന്ന് 300 രൂപയായും കുടുംബ പെൻഷൻ 125/- രൂപയിൽ നിന്നും 150/- രൂപയായും വർദ്ധിപ്പിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ട്. |

| | |
|---|---|
| (ഡി) ക്ഷീരകർഷകർക്ക് ക്ഷീര ക്ഷേമ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ? | (ഡി) ക്ഷേമനിധി അംഗങ്ങളായ കർഷകർക്ക് "ക്ഷീരക്ഷേമ" എന്ന പേരിൽ യുണൈറ്റഡ് ഇൻഡ്യാ ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്ന് 25..3..2009 മുതൽ ഒരു വർഷക്കാലത്തേക്ക് സൗജന്യ നിരക്കിൽ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പു വരുത്തുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിലേയ്ക്കുള്ള പ്രീമിയം തുകയായ 35 രൂപ ക്ഷേമനിധി ബോർഡാണ് വഹിക്കുന്നത്. ഈ പദ്ധതി പ്രകാരം അപകടമരണം, സ്ഥിരമായ അംഗവൈകല്യം സംഭവിക്കുന്നവർക്ക് 50,000/- രൂപയും, തീവ്രമായ അസുഖങ്ങൾക്ക് 15,000/- രൂപയും ചിക്കുൻഗുനിയ, ടൈഫോയ്ഡ്, കോളറ, ഡെങ്കിപ്പനി തുടങ്ങിയ പകർച്ച വ്യാധികൾക്ക് 2,000/- രൂപയും പ്രകൃതിദുരന്തം മൂലം വീട്, കാലിത്തൊഴുത്ത് എന്നിവ നഷ്ടപ്പെടുന്നവർക്ക് 5,000/- രൂപയും ക്ഷീരകർഷകർക്ക് ആംബുലൻസ് ചാർജ്ജിനത്തിൽ 2,000/- രൂപയും ഇൻഷ്വറൻസ് പരിരക്ഷയായി നൽകുന്നുണ്ട്. കൂടാതെ, 25..5..2009 മുതൽ ഒരു വർഷക്കാലത്തേക്ക് 50 രൂപ നിരക്കിൽ പ്രീമിയം ഈടാക്കിക്കൊണ്ട് യുണൈറ്റഡ് ഇൻഡ്യ ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്ന് ക്ഷേമനിധി അംഗങ്ങളുടെ ആശ്രിതരായിട്ടുള്ള 3,706 പേർക്ക് മറ്റൊരു ഇൻഷ്വറൻസ് പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 27 22/6/2009-ൽ മറുപടിക്ക്

## ഹൈടെക് ഡയറിഫാമുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.ജോസഫ്.എം.പുതുശ്ശേരി<br>ശ്രീ.തോമസ് ചാഴികാടൻ | | ശ്രീ.സി.ദിവാകരൻ(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് ഹൈടെക് ഡയറിഫാമുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | എ)യും ബി)യും | സംസ്ഥാനത്ത് ഇടുക്കി , വയനാട് ജില്ലകളിലും കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴയിലും ഹൈടെക് ഡയറിഫാമുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| ബി) എങ്കിൽ എവിടെയൊക്കെയാണെന്ന് വ്യക്തമാക്കാമോ; | | |
| സി) എന്തൊക്കെ സജ്ജീകരണങ്ങളാണ് ഇവിടങ്ങളിൽ ഏർപ്പെടുത്തുവാൻ ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ; | സി) | ഏറ്റവും നവീനവും ശാസ്ത്രീയവുമായ ഉൽപ്പാദനം ലക്ഷ്യമിട്ട് പാൽകറക്കുന്നതിനുള്ള യന്ത്രങ്ങൾ, ബൾക്ക്കൂളർ, ആട്ടോമാറ്റിക് വാട്ടറിങ്ങ്മെക്കാനിസം, കമ്പ്യൂട്ടറൈസ്ഡ് ഫീഡിംഗ് തുടങ്ങിയ ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതാണ്. |
| ഡി) ഏതൊക്കെയിനം കന്നുകാലി ഇനങ്ങളെയാണ് ഈ ഫാമുകളിൽ പരിപാലിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | ഡി) | മേൽത്തരം ഗുണമേന്മയുള്ളതും ഉൽപ്പാദനക്ഷമതയേറിയതുമായ ജഴ്സി, എച്ച്.എഫ്, ഗിർ. സഹിവാൾ, താർപ്പാക്കർ,കൺകറേജ് ഇനത്തിൽപ്പെട്ട പശുക്കളേയും എരുമകളെയുമാണ് പരിപാലിക്കുവാൻ ഉദ്ദേശിക്കുന്നത്. |
| ഇ) പ്രസ്തുത ഫാമുകൾ സ്ഥാപിക്കുന്നതിലൂടെ പ്രതിദിന പാൽ ഉല്പാദനം എത്ര വർദ്ധിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നതെന്നു വ്യക്തമാക്കുമോ? | ഇ) | പ്രതിദിനം 40,000 ലിറ്റർ പാലിന്റെ ഉൽപ്പാദന വർദ്ധനവ് മൂന്ന് ഫാമുകളിൽ നിന്നുമായി ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 28</u> <u>22-06-2009 ൽ മറുപടിക്ക്</u>

<u>കണ്ണൂർ വിമാനത്താവളത്തിന് സ്ഥലം ഏറ്റെടുക്കലും നിർമ്മാണവും</u>

| ചോദ്യം: | ഉത്തരം |
|---|---|
| ശ്രീ.സി.എച്ച്.കുഞ്ഞമ്പു :<br>ശ്രീ.പി.ജയരാജൻ :<br>ശ്രീ.സി.കെ.പി.പത്മനാഭൻ :<br>ശ്രീ.എം.പ്രകാശൻ മാസ്റ്റർ :<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ : | ശ്രീ. വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ). കണ്ണൂർ വിമാനത്താവളത്തിന് സ്ഥലം ഏറ്റെടുക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം വെളിപ്പെടുത്താമോ ; | (എ). കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള നിർമ്മാണത്തിന് വേണ്ടി 2200 ഏക്കർ ഭൂമി ഫാസ്റ്റ് ട്രാക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുക്കുവാൻ കിൻഫ്രയെ ചുമതലപ്പെടുത്തികൊണ്ട് സർക്കാർഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ 192 ഏക്കർ ഭൂമി നേരത്തെ തന്നെ ഏറ്റെടുത്ത് കഴിഞ്ഞിട്ടുണ്ട്. 1092 ഏക്കർ ഭൂമി ഏറ്റെടുക്കുവാനുള്ള നടപടികൾ നടന്ന് വരികയാണ്. ഈ ഭൂമിയെ സംബന്ധിച്ചുള്ള പ്രഖ്യാപനം (DD) പുറപ്പെടുവിച്ച് കഴിഞ്ഞു. ഫാസ്റ്റ് ട്രാക്ക് പദ്ധതി പ്രാകരം മേൽ പറഞ്ഞ 1092 ഏക്കർ ഭൂമി വിലയ്ക്ക് വാങ്ങുന്നതിലേയ്ക്കായി ഉഭയകക്ഷി ചർച്ച പ്രകാരം വില ഡിസ്ട്രിക്ട് ലെവൽ പർചയ്സ് കമ്മിറ്റി നിശ്ചയിക്കുകയും അപ്രകാരം നിശ്ചയിച്ച വില അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനാവശ്യമായ തുക ബാങ്കുകളിൽ നിന്നും വായ്പയെടുക്കുവാൻ കിൻഫ്രയ്ക്ക് സർക്കാർ ഗ്യാരണ്ടി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഭൂമി കിൻഫ്രയുടെ പേരിൽ വാങ്ങുന്നതിന് ആവശ്യമായ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ്, എന്നിവ ഇളവ് ചെയ്യുവാനും സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ ഭൂവുടമകളുടെ വിലയാധാരങ്ങളും, കുടിക്കട സർട്ടിഫിക്കറ്റുകളും മറ്റുള്ള രേഖകളും പരിശോധിച്ച് വരികയാണ്. പരിശോ |

ധന പൂർണ്ണമായ രേഖകളുടെ വിലയാധാരം നടത്തുന്നതിന്റെ ഉൽഘാടനം ബഹുമാനപ്പെട്ട ആഭ്യന്തര, ടൂറിസം വകുപ്പ് മന്ത്രി ജൂൺ ഒന്നാം തീയതി കണ്ണൂരിൽ നടത്തുകയും ഭൂവില വിതരണം ആരംഭിക്കുകയും ചെയ്തു. ഏകദേശം രണ്ട് മാസം കൊണ്ട് തീറാധാരത്തിനുള്ള രജിസ്ട്രേഷൻ പൂർണ്ണമാകും. കൂടാതെ 783 ഏക്കർ ഭൂമി കൂടി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി). വിമാനത്താവളത്തിനായി എത്ര ഏക്കർ സ്ഥലമാണ് ഏറ്റെടുക്കാനുള്ളത് ; സ്ഥലം ഏറ്റെടുക്കുന്നതുമൂലം കുടിയൊഴിപ്പിക്കേണ്ടി വരുന്നവരുടെ പുനരധിവാസം സംബന്ധിച്ച് പാക്കേജ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി). കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള നിർമ്മാണത്തിന് വേണ്ടി 2200 ഏക്കർ ഭൂമിയാണ് ഏറ്റെടുക്കുവാനുള്ളത്. ഇതിൽ 192 ഏക്കർ ഭൂമി നേരത്തെ തന്നെ ഏറ്റെടുത്ത് കഴിഞ്ഞിട്ടുണ്ട്. 1092 ഏക്കർ ഭൂമി ഏറ്റെടുക്കുവാനുള്ള നടപടികൾ നടന്ന് വരികയാണ്.

ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂമി നഷ്ടപ്പെടുന്ന ഭൂവുടമകൾക്കായി ഒരു പുനരധിവാസ പദ്ധതി സ.ഉ.(എം.എസ്) നമ്പർ.07/2008/ഗതാഗതം തീയതി 01..02..2008 പ്രകാരം താഴെപറയും വിധം ആവിഷ്കരിച്ചിട്ടുണ്ട്.

1. ഏറ്റെടുക്കുന്ന ഭൂമിയ്ക്ക് ഫാസ്റ്റ് ട്രാക്ക് പദ്ധതിയിൻകീഴിൽ ഉഭയ സമ്മതപ്രകാരമുള്ള ചർച്ച നടത്തി വില നിശ്ചയിച്ചുക്കുന്നതാണ്.
2. കുടി ഒഴിപ്പിക്കപ്പെടുന്ന വീട്ടുകാർക്ക് 10 സെന്റ് വീതം ഭൂമി സൗജന്യമായി പതിച്ചു നൽകുന്നതാണ്.
3. പുനരധിവാസത്തിനായി അടിസ്ഥാന സൗകര്യങ്ങളായ റോഡ്, വൈദ്യുതി, വെള്ളം എന്നിവ എത്തിക്കുന്നതിനുള്ള ചെലവ് വഹിക്കുന്നതാണ്.
4. കുടിയൊഴിപ്പിക്കപ്പെടുന്നവരുടെ പുനരധിവാസം സമീപ പ്രദേശത്തുതന്നെ ഉറപ്പുവരുത്തുന്നതാണ്, ഇതിനാവശ്യമായ ഭൂമി ഇപ്പോൾ തന്നെ ഏറ്റെടുക്കുന്നതാണ്.
5. കെട്ടിടങ്ങൾ പൊളിച്ച് ഉപയോഗയോഗ്യമായ സാധനങ്ങൾ വില ഈടാക്കാതെ തന്നെ കൊണ്ടു പോകാൻ അനുവദിക്കുന്നതാണ്.

6. കുടിയൊഴിപ്പിക്കപ്പെടുന്നവർക്ക് എല്ലാത്തരം ജംഗമ വസ്തുക്കളും കൊണ്ടു പോകാനുള്ള പൂർണ്ണ സ്വാതന്ത്ര്യം ഉറപ്പാക്കുന്നതാണ്.
7. ഏറ്റെടുക്കുന്ന ഭൂമിയിലെ വീട്, കിണർ മറ്റുള്ള ചമയങ്ങൾ എന്നിവയ്ക്ക് 2008-ൽ വില നിശ്ചയിച്ച മൂല്യം 50% വർദ്ധിപ്പിച്ച് നൽകുന്നതാണ്.
8. കൃഷിഭൂമിയിലെ വിളവുകൾ വസ്തു കൈവശം വിട്ടുകൊടുക്കുന്നതിനു മുൻപ് ഉടമയ്ക്കു തന്നെ എടുക്കുന്നതിനുള്ള പൂർണ്ണമായ അവകാശം ഉണ്ടായിരിക്കുന്നതാണ്.
9. നിർദ്ദിഷ്ട എയർപോർട്ടിലോ, അനുബന്ധ സ്ഥാപനങ്ങളിലോ ഉണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് പരിഗണിക്കപ്പെടുന്നതിന് കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബത്തിലെ ഒരംഗത്തിന് അയാളുടെ വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ മുൻഗണന ഉണ്ടായിരിക്കുന്നതാണ്.

(സി). നിർമ്മാണ പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(സി). പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം രണ്ടായിരത്തിയൊൻപതാമാണ്ട് അവസാനത്തോടുകൂടി തുടങ്ങാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി). വിമാനത്താവളത്തിലേയ്ക്കുള്ള റോഡുകൾ വികസിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി). കണ്ണൂർ വിമാനത്താവളത്തിന് വേണ്ടിയുള്ള പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി താഴെപറയുന്ന എട്ട് റോഡുകളാണ് പരിഗണനയിലുള്ളത്. ഈ ആവശ്യത്തിലേയ്ക്കായവി കണ്ണൂർ ജില്ലാ കളക്ടർ ചെയർമാനായി ഒരു ജില്ലാ തല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

കണ്ണൂർ- മട്ടന്നൂർ റോഡ്

തലശ്ശേരി-മട്ടന്നൂർ റോഡ്

പയ്യന്നൂർ-മട്ടന്നൂർ റോഡ്

കർണ്ണാടക ബോർഡർ-മട്ടന്നൂർ റോഡ്

മട്ടന്നൂർ-അഞ്ചരക്കണ്ടി-തലശ്ശേരി റോഡ്

വയനാട്-മട്ടന്നൂർ റോഡ്

മാഹി- മുഴപ്പിലങ്ങാട്

| | |
|---|---|
| | നാദാപുരം-തലശ്ശേരി റോഡ്<br>മേൽപ്പറഞ്ഞ റോഡുകളുടെ വികസന സാദ്ധ്യതയെകുറിച്ച് പഠിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് NATPAC -നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭിച്ചതിനു ശേഷം ഇക്കാര്യം പരിശോധിക്കുന്നതും അനന്തര നടപടികൾ സ്വീകരിക്കുന്നതുമാണ്. |
| (ഇ). വിമാനത്താവള നിർമ്മാണത്തിനുള്ള തുക എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിച്ചിരുന്നത്? | (ഇ). 26% സർക്കാരും 74% സ്വകാര്യ കൂട്ടു പങ്കാളിയുടെ മുതൽ മുടക്കിലുമായി ഒരു കമ്പനി രൂപീകരിച്ച് വിമാനത്താവള പദ്ധതി നിർമ്മാണം നടപ്പിലാക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. കൂട്ടു പങ്കാളിയെ/പങ്കാളികളെ തിരഞ്ഞെടുക്കുന്നത് മത്സരാടിസ്ഥാനത്തിലുള്ള സുതാര്യമായ ആഗോളടെണ്ടർ നടപടികളിലൂടെ ആയിരിക്കും. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 29

22.6.2009 ൽ
മറുപടിയ്ക്ക്

## ഐ.ടി. മേഖലയിലെ തൊഴിലവസരങ്ങളും ഐ.റ്റി. പാർക്കുകളും.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അച്ചുതൻ ; | ശ്രീ. വി.എസ്. അച്ചുതാനന്ദൻ (മുഖ്യമന്ത്രി) |
| എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഐ.ടി. മേഖലയിൽ സർക്കാർ നേരിട്ട് ഇതുവരെ എത്ര തൊഴിൽ അവസരങ്ങൾ ഉണ്ടാക്കിയിട്ടുണ്ട് ; | എ) ടെക്നോപാർക്കിലും ഇൻഫോപാർക്കിലുമുള്ള വിവിധ കമ്പനികളിലായി ഇപ്പോൾ ഏകദേശം 28000 പേർ തൊഴിൽ ചെയ്യുന്നുണ്ട്. |
| ബി) ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ എത്ര പുതിയ ഐ.ടി. പാർക്കുകൾക്ക് തറക്കല്ലിട്ടു ; | (ബി), (സി), ആന്റ് (ഡി) ഈ സർക്കാരിന്റെ കാലത്ത് കൊല്ലം ജില്ലയിലെ കുണ്ടറ, ആലപ്പുഴ ജില്ലയിലെ ചേർത്തല, അമ്പലപ്പുഴ എന്നിവിടങ്ങളിലായി മൂന്ന് ഐ.ടി. പാർക്കുകൾക്ക് തറക്കല്ലിട്ടു. ഈ ഐ.ടി. പാർക്കുകളുടെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതേയുള്ളു. |
| സി) ഇവയിൽ എത്ര സ്ക്വയർ ഫീറ്റ് സ്ഥലത്തിന്റെ നിർമ്മാണം ഇതുവരെ പൂർത്തിയാക്കിയിട്ടുണ്ട് ; | |
| ഡി) ഇത് ഏതെല്ലാം ജില്ലകളിൽ എത്ര സ്ക്വയർ ഫീറ്റ് വീതം ആണെന്ന വിവരം ലഭ്യമാക്കുമോ ; | |
| ഇ) ഈ വർഷം പുതിയതായി ഏതൊക്കെ പാർക്കുകളുടെ നിർമ്മാണം പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ? | ഇ) തൃശ്ശൂർ ജില്ലയിലെ കൊരട്ടിയിൽ ആരംഭിക്കുന്ന ഐ.ടി. പാർക്കിന്റെ ആദ്യഘട്ട നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ഈ വർഷം ആരംഭിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 30

22.6.2009 ൽ മറുപടിയ്ക്ക്

## ആഗോള സാമ്പത്തികമാന്ദ്യംമൂലം ഉണ്ടായ പ്രത്യാഘാതം

**ചോദ്യം**

ശ്രീ. സി.എഫ്. തോമസ് ;
പ്രൊഫ. എൻ. ജയരാജ് ;
ശ്രീ. തോമസ് ഉണ്ണിയാടൻ ;

എ) ആഗോള സാമ്പത്തികമാന്ദ്യം മൂലം സംസ്ഥാനത്ത് ഐ.ടി. രംഗത്ത് എന്തെങ്കിലും പ്രത്യാഘാതങ്ങൾ ഉണ്ടായിട്ടുണ്ടോ ;

ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ പരിഹാര നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

**ഉത്തരം**

ശ്രീ. വി.എസ്. അച്യുതാനന്ദൻ
(മുഖ്യമന്ത്രി)

എ) ഉണ്ട്. പുതിയ പ്രോജക്ടുകളുടെ ലഭ്യത, പുതിയ നിയമനങ്ങൾ മറ്റ് വികസന പ്രവർത്തനങ്ങൾ എന്നിവയെ മാന്ദ്യം ബാധിച്ചിട്ടുണ്ട്.

ബി) സർക്കാർ ഐ.ടി. പാർക്കുകളിൽ പ്രവർത്തിക്കുന്ന കമ്പനികളുടെ 2009-10 സാമ്പത്തിക വർഷത്തിലെ വാടകയിനത്തിൽ നിന്ന് 50 ശതമാനം, 2010-11 സാമ്പത്തിക വർഷത്തിലേക്ക് defer ചെയ്തുകൊണ്ട് ഉത്തരവിറക്കിയിട്ടുണ്ട്.

കേരളത്തിൽ ഒരു വർഷം ഏകദേശം 20000 മുതൽ 25000 വരെ എഞ്ചിനീയറിംഗ് ബിരുദധാരികൾ പുറത്തിറങ്ങുന്നുണ്ട്. ആഗോള സാമ്പത്തിക മാന്ദ്യം മൂലമുള്ള തൊഴിലവസരങ്ങളുടെ നഷ്ടം ഇവരെയും ബാധിക്കുന്നുണ്ട്. **M Tech/ Phd** കോഴ്സുകളിലേക്ക് വിദ്യാർത്ഥികളെ ആകർഷിക്കുന്നതിനായി **Speed Post Graduate Education Expansion Drive in IT (SPEED-IT)** എന്ന പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. ഇതിന്റെ ഭാഗമായി നിലവിലുള്ള **M Tech** സീറ്റുകൾ ഇരട്ടിപ്പിക്കുവാനും **M Tech** ന് ചേരുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസം 8000 രൂപയും **Phd** വിദ്യാർത്ഥികൾക്ക് പ്രതിമാസം 14000-18000 രൂപ വീതം സ്കോളർഷിപ്പ് നൽകുവാനും ഉദ്ദേശിക്കുന്നു.

ഐ.ടി. മേഖലയിലെ മാന്ദ്യം, ഐ.ടി. കമ്പനികൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ലാഭവിഹിതത്തിൽ കുറവ് വരുത്തിയിട്ടുണ്ട്. ഇതിനെ മറികടക്കാൻ അവർ പ്രവർത്തന ചെലവ് കുറയ്ക്കുവാൻ ശ്രമിക്കുന്നുണ്ട്. ഇതിന് സഹായകരമാകുന്ന വിധത്തിൽ പുതിയ ഐ.ടി. പാർക്കുകളിലും ടെക്നോലോഡ്ജു- കളിലും കുറഞ്ഞ വാടകയിൽ ഉയർന്ന നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ